മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 10 THE ONLINE OFFICIAL NEWS BULLETIN 2024 February 29

വലിയ നോമ്പുകാലം | SEASON OF GREAT LENT | ܥܕܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
 ♪4 **Knaenaito** (Canaanite woman) 4th Sunday of Great Lent **3**	♪8 **4**	♪4 **5**	 ♪8 ✤ Mid-Lent Feast of Holy Cross / Comme. of King Abgar of Edessa **6**	♪4 **7**	♪8 **8**	  ♪4 Comme. of the 40 Martyrs of Sebaste. 133rd Mem. of Ambattu Geevarghese Mar Coorilose Metropolitan ✠ (Angamaly Cheriya Palli) **9**



കോട്ടയം പീതവർണക്കടലായി

കരുത്തും പൈതൃകവും വിളിച്ചോതി മാർത്തോമ്മൻ പൈതൃക സംഗമം



കോട്ടയം: നഗരത്തെ വിശ്വാസി സാഗരമാക്കി മലങ്കര ഓർത്തഡോക്സ് സഭാ മാർത്തോമ്മൻ പൈതൃകസംഗമം. കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സംഗമം ഉദ്ഘാടനം ചെയ്തു. ഗോവ ഗവർണർ പി. എസ്. ശ്രീധരൻ പിള്ള മുഖ്യാതിഥിയായി. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു.

ചർച്ച് ബിൽ പരിഗണനയിൽ വന്നാൽ ഗവർണർ നീതിപൂർവം പ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കുന്നതായി കാതോലിക്കാ ബാവാ പറഞ്ഞു. വികാരം മനസ്സിലാക്കുന്നു എന്നു പറഞ്ഞ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, ഓർത്തഡോക്സ് സഭ നിയമം അനുസരിക്കുന്നവരാണെന്നു കൂട്ടിച്ചേർത്തു. ഇന്ത്യൻ പൗരരെല്ലാം നിയമം അനുസരിക്കാൻ ബാധ്യസ്ഥരാണ്. നിയമം സംരക്ഷിക്കുമെന്നു പ്രതിജ്ഞയെടുത്തിട്ടുള്ള ഗവർണർ സ്ഥാനത്ത് ഇരിക്കുന്നതിനാൽ താൻ അപ്രകാരമേ ചെയ്യു എന്നും ഉറപ്പുനൽകി.

മന്ത്രിമാരായ വി. എൻ. വാസവൻ, വീണാ ജോർജ്, എംഎൽഎമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ചാണ്ടി ഉമ്മൻ, എപ്പി സ്കോ

(ശേഷം രണ്ടാം പേജിൽ)

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department



അക്ഷരനഗരിയെ അലകടലാക്കി മലങ്കര നസ്രാണികൾ

ചർച്ച് ബിൽ കൊണ്ടു വന്ന് സഭയുടെ സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്താം എന്ന് വിചാരിക്കുന്നവർ മൂഢ സ്വർഗത്തിലാണെന്നും, ചർച്ചിൽ നിയമമായി അങ്ങയുടെ മുമ്പിൽ വന്നാൽ അങ്ങ് അത് ഒപ്പിടരുത് എന്ന് ബഹു കേരള കേരള ഗവർണർറോട് ആവശ്യപ്പെട്ട് പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ.

സഭയുടെ അസ്ഥിവാരം തോണ്ടുന്ന ഒരു സമാധാന ചർച്ചക്കും തങ്ങൾ കൂട്ടു നിൽക്കില്ലെന്നും കോട്ടയത്ത് മാർത്തോമ്മ പൈതൃക സംഗമ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് കാതോലിക്ക ബാവ പറഞ്ഞു.

സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ മലങ്കര സഭയ്ക്ക് കീഴിലെ 1662 പള്ളികളും1934ലെ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണം. ഈ വിധി നടപ്പിലാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

കഴിഞ്ഞ 145 വർഷമായി മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വയം ശീർഷകം ഉയർത്തി നിയമ യുദ്ധം നടത്തിയവരാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ മക്കൾ.

പരിശുദ്ധ ചേർത്ത് അതിസംബോധന ചെയ്യാൻ ഒരു സഭയുടെ പരമാധ്യക്ഷന് മാത്രമാണ് അധികാരം ഉള്ളത്. ചിലർ മലങ്കര മെത്രാപ്പോലീത്ത എന്ന് പറയുന്നുണ്ടെങ്കിലും പരിശുദ്ധ എന്ന് ചേർക്കാൻ കഴിയാഞ്ഞത് അവരുടെ പരമാദ്ധ്യക്ഷൻ വിദേശത്താണെന്നത് കൊണ്ടാണെന്നും പ. പിതാവ് പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലധ്യക്ഷൻ മലങ്കര മെത്രാപ്പോലീത്താ മാത്രമാണ്. അങ്ങനെ കേരളത്തിൽ ഒരാൾ മാത്രമാണ് അദ്ദേഹം ചൂണ്ടിക്കാട്ടി. മറ്റാർക്കും അതിന് അധികാരം ഇല്ല എന്നും പ. കാതോലിക്ക ബാവ പറഞ്ഞു.

മഴയും, മഞ്ഞും, കൊടും ചൂടും മലങ്കര നസ്രാണിക്ക് ഒരു പരീക്ഷണമേ അല്ല. സഭയാണ് വലുത് എന്ന് തെളിഞ്ഞ ചരിത്രനിമിഷങ്ങൾ ആയിരുന്നു കോട്ടയം മാർത്തോമൻ സംഗമത്തിൽ കണ്ടത്.

തുടക്കം മുതൽ സമ്മേളനത്തിന്റെ ശോഭ കെടുത്താൻ വ്യക്തമായ പ്ലാനിങ്ങോടുകൂടി നടന്ന വാട്സ്ആപ്പ് സന്ദേശങ്ങൾ, ഒളിഞ്ഞും തെളിഞ്ഞും അകത്തു നിന്നും പുറത്തുനിന്നും ഈ സമ്മേളന ശോഭ കെടുത്തുവാൻ പരിശ്രമിച്ചവർ അനവധിയാണ്. അതൊന്നും വകവെയ്ക്കാതെ ഒത്തു കൂടിയ മലങ്കര നസ്രാണികൾ മലങ്കര സഭയുടെ അഭിമാനമാണ്.. ഈ സഭയുടെ കൊമ്പ് ഉയർന്നു തന്നെ നിൽക്കും.

ഇപ്പോൾ നടത്തേണ്ട ആവശ്യമെന്ത്?

ചൂട് കൂടുതലല്ലേ ...ആളുകൾ വരുമോ ... നോമ്പ് കാലത്തു ഞായറാഴ്ച വിശ്വാസികൾ വരില്ല... നോമ്പുകാലത്ത് സമ്മേളനം നടക്കുന്നത് ശരിയാണോ?

ഒടുവിൽ കോട്ടയത്തിനു താങ്ങുമോ എന്ന് വിലപിച്ചവർ. നേതൃത്വത്തിന് പരിപാടി നടത്താൻ അറിയാമോ..

ചൂട് കൂടുന്നതിന്റെ ആവലാതികൾ രാപ്പകൽ തള്ളി മലങ്കര നസ്രാണി. ബഹിഷ്കരിക്കണം എന്ന ആദ്യം തന്നെ പോളിംഗ് നടത്തി ഉറപ്പിച്ചവർ... എഴുപത്തിഅയ്യായിരമോ? ഇരുപതിനായിരം പേര് കാണുമോ എന്നു ചോദിച്ചവർ...

ഒടുവിൽ ഗവർണ്ണർമാർ വരില്ലെന്ന് മനക്കോട്ട കെട്ടിയവർ, ഗവർണർ വന്നാൽ ഞങ്ങൾ വരില്ല എന്ന് പ്രഖ്യാപിച്ചവർ.. ചരിത്രം ആവുന്നതുപോലെ ഒക്കെ തിരുത്തി എഴുതിയവർ.. എല്ലാവരെയും ഇളിഭ്യർ ആക്കികൊണ്ട് അലകടലായ് മലങ്കര നസ്രാണികൾ കോട്ടയത്തു ഒന്നിച്ചു.

മഴയും, മഞ്ഞും, കൊടും ചൂടും അതിലുപരി കുത്തിത്തിരിപ്പുകൾ. മലങ്കര നസ്രാണിക്ക് ഒരു പരീക്ഷണമേ?

നമ്മളെ വിലകുറച്ചു കാണുന്ന സംഘടനകൾക്കും സമുദായങ്ങൾക്കും ഒരു മുന്നറിയിപ്പ് കൂടെയാണ് ഇന്ന് കോട്ടയത്ത് നടന്ന ഈ മഹാ സമ്മേളനം. ഈ പരിശുദ്ധ നോമ്പിലും ഒത്തുകൂടിയ മലങ്കര നസ്രാണികൾ.

ഏത് പ്രതിസന്ധി ഉണ്ടായാലും അവന്റെ സഭയോടുള്ള സ്നേഹത്തിന് ഒരു കുറവും വരില്ല എന്ന് തെളിയിച്ച ചരിത്ര നിമിഷം.

ദൈവത്തോടും, അനുഗ്രഹത്താൽ കൂടെ നിന്ന് വിശുദ്ധ പിതാക്കന്മാരോടും, പൂർവികരോടും, സഭയ്ക്കുവേണ്ടി ജീവൻ കൊടുത്ത രക്തസാക്ഷികളോടും ഒപ്പം നമ്മോട് തന്നെയും നന്ദി പറയാം. മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം, പാരമ്പര്യം; അണയാത്ത തിരി നാളമായി എന്നും ഹൃദയത്തിൽ ജ്വലിക്കട്ടെ.

നസ്രാണിക്കടലായി കോട്ടയം എന്ന അക്ഷരനഗരി മാറി.. മലങ്കര സഭയുടെ അഭിമാനം കാത്ത മാർത്തോമാ നസ്രാണി തലമുറയ്ക്ക് ആയിരം അഭിവാദ്യങ്ങൾ?? വിശുദ്ധ മാർത്തോമാ ശ്ലീഹായുടെ സിംഹാസനം എന്നാളും നീണാൾ വാഴട്ടെ. ജയ് ജയ് കാതോലിക്കോസ്.

– എബി മാത്യു കൊഴുവല്ലൂർ

പൈതൃകസംഗമം... *(ഒന്നാം പേജിൽ നിന്നും തുടർച്ച)*

പ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, റഷ്യൻ ഓർത്തഡോക്സ് സഭ ബാഹ്യസ ഭാ ബന്ധങ്ങളുടെ തലവൻ ബിഷപ് ആന്റണി സെവ്റൈക്, ഇത്യോപ്യൻ സഭാ പ്രതിനിധി ആർച്ച് ബിഷപ് അബ്ബ മെൽക്കിസദേക് നൂർബെഗൻ ഗെദ, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീ സ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

സമ്മേളനത്തിനു മുന്നോടിയായി മാർ ഏലിയാ കത്തീഡ്രലിന്റെ മുന്നിൽനിന്ന് പൈതൃക വിളംബര ഘോഷയാത്ര നടന്നു. തോമസ് ചാഴികാടൻ എംപി ഫ്ളാഗ് ഓഫ് ചെയ്തു.


LIVE
GREGORIAN TV
www.gregoriantv.com
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH | MARTHOMAN HERITAGE ASSEMBLY
മാർത്തോമ്മൻ പൈതൃക സംഗമം






focalize studio


സുൽത്താൻ ബത്തേരി ഭദ്രാസനം


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH | MARTHOMAN HERITAGE ASSEMBLY






മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
മാർത്തോമ്മൻ പൈതൃക സംഗമം
കുന്നംകുളം ഭദ്രാസനം





മാർത്തോമ്മൻ പൈതൃകസംഗമം...





പ. കാതോലിക്കാ ബാവാ റഷ്യൻ ഓർത്തഡോക്സ് സഭാ പ്രതിനിധിക്കു സമ്മാനം നൽകുന്നു. ഗോവാ ഗവർണർ പി. എസ്. ശ്രീധരൻപിള്ള, കേരളാ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മന്ത്രി വി. എൻ. വാസവൻ എന്നിവർ സമീപം.





75-ാം വയസ്സിലേക്കു പ്രവേശിക്കുന്ന പ. കാതോലിക്കാ ബാവായെ ഗോവാ ഗവർണർ പി. എസ്. ശ്രീധരൻപിള്ള, കേരളാ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ എന്നിവർ ചേർന്ന് ആദരിക്കുന്നു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 1923-ലെ കല്പനകളുടെ നമ്പർ ബുക്ക്.

381. മുറിമറ്റത്തിൽ ഗീവറുഗീസു കത്തനാർ. ശീമയാത്രാ പണപ്പിരിവ് തുക സംബന്ധിച്ചും ഈ ആഴ്ചയിൽതന്നെ ഇവിടെ നിന്നും വിട്ടേക്കുമെന്നും. ടി തീയതി. ടി സ്ഥലം.

382. കെ. പി. സ്കറിയാ. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

383. ചാരക്കാവിൽ പാപ്പയ്ക്കു. ടിയാന്റെ അക്ഷീണ പരിശ്രമത്തിൽ സന്തോഷിച്ചും മറ്റു വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

384. സി. പി. ചെറിയാൻ വക്കീൽ. ടിയാന്റെ പുത്രിയുടെ കല്യാണത്തിൽ മംഗളം ആശംസിച്ച്. മേടം 24-നു. പരുമല സിമ്മനാരി.

385. കക്കുടിയിൽ മാത്യൂസ് കത്തനാർക്കു. ആ പള്ളി (വെണ്ണിക്കുളം) വകയിൽ നിന്നും കളക്കുടിയിൽ നൈനാൻ വശം കൊടുത്ത രൂപാ 100-ഉം ഇവിടെ കിട്ടി എന്നു. ടി തീയതി. ടി സ്ഥലം.

386. കൊച്ചുമെത്രാച്ചന്. പ്രക്കാനത്തു പ്ലാമൂട്ടിൽ പുത്തൻപുരയ്ക്കൽ തോമസു ശെമ്മാശന് കത്തനാരുപട്ടം കൊടുത്ത് അയയ്ക്കണമെന്ന്. മേടം 25 -നു. ടി സ്ഥലം.

പ്രക്കാനത്തു ഒരു പുതിയ പള്ളി വയ്ക്കുന്നതിനും കൂടി ഒരു സാക്ഷിപത്രം കൊടുക്കണമെന്ന്. ടി തീയതി. ടി സ്ഥലം.

387. പി. കെ. വറുഗീസു വക്കീലിന്. വർത്തമാനങ്ങളെക്കുറിച്ചു. 27-നു. ടി സ്ഥലം.

388. ചീരാമേലിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

389. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്ക്. ശീമയാത്രയുടെ വിവരങ്ങളെക്കുറിച്ച്. ഉടൻ വന്നുചേരണമെന്ന്. മേടം 27-നു പരുമല സിമ്മനാരി.

390. ചാലിൽ കൊച്ചൗസേപ്പിനു. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

391. തയ്യിൽ ഈപ്പച്ചന്. പഴയസിമ്മനാരിയിൽ എതൃകക്ഷികൾ പ്രവേശിക്കുന്നതിനെക്കുറിച്ചും ആ സ്ഥലത്തിന്റെ കരം മുതലായ സംഗതികളെക്കുറിച്ചും മറ്റും. 27-നു. ടി സ്ഥലം.

392. അയ്പു മാസ്റ്റർക്ക്. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

393. പാലപ്പള്ളിൽ പൗലോസ് കത്തനാർക്കു. വർത്തമാനങ്ങൾക്ക്.

394. മുറന്തൂക്കിൽ മാത്തൻ കത്തനാർക്കു. അയച്ചിരുന്ന എഴുത്തും അതിൽ അടക്കം ചെയ്തിരുന്ന മാണിക്കത്തനാരുടെ എഴുത്തും കിട്ടിയെന്നും സമാധാനാലോചനയ്ക്കു അവിടെ നിന്നും ചിലർക്കു വരണമെന്നുണ്ടെങ്കിൽ നാം ശീമയ്ക്കു പോകുന്നതിനു മുമ്പായി വരണമെന്നും ശീമയ്ക്കു പോകാൻ ഇനിയും രണ്ടാഴ്ച കൂടിയുണ്ടെന്നും സമാധാനം ഉണ്ടാകുന്നെങ്കിൽ നമുക്ക് ശീമയ്ക്കു പോയിട്ട് ആവശ്യമില്ലെന്നും മറ്റും. മേടം 27-നു. പരുമല സിമ്മനാരി.

395. പാറേട്ട് മാത്യൂസ് കത്തനാർക്കു. വേഗം വന്നുചേരണമെന്നു. 28-നു. ടി സ്ഥലം.

396. ഇരുമലെ വർക്കിക്ക്. ശീമയാത്ര സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

397. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.



398. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. മേടം 31-നു. ടി സ്ഥലം.

399. പറയാ ചാക്കുണ്ണിക്ക്. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

400. പുലിക്കോട്ടിൽ ചുമ്മാരു മാത്തപ്പനു. ശീമയാത്രയെ സംബന്ധിച്ചും അതിന്റെ ചെലവിലേക്കുള്ള പണസഹായത്തിന് പഴഞ്ഞി പള്ളിയ്ക്ക് കല്പന അയച്ചിട്ടുണ്ടെന്നും തൽകാര്യത്തിൽ വേണ്ടതു പ്രവർത്തിപ്പാൻ ഉത്സാഹിക്കുന്നതിന് ഇത് അയ്ക്കുന്നതാണെന്നും മറ്റും. മേടം 31-നു. പരുമല സിമ്മനാരിയിൽ നിന്നും.

401. ഡോ. സി. ടി. വർഗീസ്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

402. തോലത്തു ഇയ്യുക്കുട്ടി ചുമ്മാര്. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

403. സി. വി. ഇയ്യുവിന്. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

404. കടമ്മനിട്ട പുത്തൻപുരയ്ക്കൽ ഗീവറുഗീസു കത്തനാർക്ക്. റാന്നി കരിമ്പനക്കുഴി എന്ന സ്ഥലത്ത് ഇപ്പോൾ വച്ചിരിക്കുന്ന പള്ളിയിൽ മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ കുരിശു പ്രതിഷ്ഠ കഴിച്ച് വി. കുർബാന ചൊല്ലുന്നതിനു ആ പള്ളിക്കാരുടെ അപേക്ഷപ്രകാരം അവരുടെ സകല ആത്മിക ദിഷ്ടതികളും നടത്തിക്കൊടുക്കുന്നതിന് തന്നെ വികാരിയാക്കിയിരിക്കുന്നു എന്നും മറ്റും. ഇടവം 1-നു. പരുമല സിമ്മനാരിയിൽ നിന്നും.

405. കടമ്മനിട്ട പുത്തൻപുരയ്ക്കൽ ഗീവറുഗീസു കത്തനാർക്ക്. ശീമയാത്രയെക്കുറിച്ചും അതിനുള്ള യാത്രച്ചെലവിന് കടമ്മിട്ട, തോട്ടമൺ മുതലായ പള്ളികളിൽ നിന്ന് അവരുടെ ശക്തിപോലുള്ള പണസഹായം വാങ്ങിക്കൊണ്ടു വരുന്നതിന് ചുമതലപ്പെടുത്തിയും. ടി തീയതി. ടി സ്ഥലം.

406. കെ. സി. ഈപ്പൻ. വർത്തമാനങ്ങൾക്ക്. ഇടവം 2-ന്. പരുമല സിമ്മനാരി.

407. വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാർ. കെ. റ്റി. ഈപ്പൻ എന്ന കൊച്ചനെ നമ്മുടെ ഇംഗ്ലീഷു സ്കൂളിലെ മുൻഷിയായി നിയമിച്ചാൽ കൊള്ളാമെന്ന്. ഇടവം 4-നു. ടി സ്ഥലം.

408. കുന്നത്തു പള്ളിക്കാർക്ക്. ടി പള്ളിക്കാരുടെ അപേക്ഷ അനുസരിച്ച് വഴിക്കുവാക്കേതിൽ പുത്തൻപുരയിൽ കീവറീതു ഈശോയെ മുതൽകെട്ടുകാരനായും പൈനുംമൂട്ടിൽ കുഞ്ഞുനൈനെ യൗസേഫിനെ കണക്കെഴുത്തുകാരനായും നിയമിച്ചിരിക്കുന്നു. ഇടവം 4-നു. പരുമല സിമ്മനാരി.

409. പീലക്സിനോസ് മെത്രാച്ചന്. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

410. കയ്യാലാത്ത് ചാക്കോച്ചന്. പാതിക്കാട്ട് പള്ളിയിൽ നിന്നും ഉള്ള ധനസമാഹരണം ഉടനെ നടത്തിക്കണമെന്ന്. ടി തീയതി. ടി സ്ഥലം.

411. സി. പി. വാറുവിന്. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

412. സി. പാപ്പിക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

413. ചെറുവത്തൂർ ... പാവുണ്ണി. ... വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

414. പനയ്ക്കൽ അയ്പൂരു ഇയ്യാക്കു. വർത്തമാനങ്ങൾക്ക്. ഇടവം 4-നു. പരുമല.

415. മുണ്ടപ്ലാക്കൽ യാക്കോബു കത്തനാർ. പണം വേഗം എത്തിച്ചു തരണമെന്നു. ടി തീയതി. ടി സ്ഥലം.

416. കരവട്ട് ശീമോൻ ശെമ്മാച്ചന്. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

417. പാറേട്ട് മാത്യൂസ് കത്തനാർ. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

418. മട്ടയ്ക്കൽ മല്പാന്. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

419. പാലപ്പള്ളി പൗലോസ് കത്തനാർക്ക്. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

420. പയ്യമ്പള്ളിൽ ദാവീദ് കത്തനാർ. പണം ഉടനെ അയച്ചുതരണമെന്നു. ടി തീയതി. ടി സ്ഥലം.

421. കറത്തേടത്തു കീവറീച്ചനു. പണം ഉടനെ അയയ്ക്കണമെന്നു. ടി തീയതി. ടി സ്ഥലം.

422. ഓമ്പാളെ ഗീവറുഗീസു കത്തനാർ. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

423. കാരയ്ക്കൽ പള്ളിക്കാർക്ക്. ശീമയാത്ര, പണപ്പിരിവ് ഇവ സംബന്ധിച്ച്. ഇടവം 5-നു. പരുമല സിമ്മനാരി.

424. ... പള്ളിക്കാർക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

425. കാരിച്ചാൽ പള്ളി. ടി സംഗതി. ടി തീയതി. ടി സ്ഥലം.

426. ചേപ്പാട്ട് പള്ളി. ടി സംഗതി. ടി തീയതി. ടി സ്ഥലം.

427. വെൺമണി പള്ളി. ടി സംഗതി. ടി തീയതി. ടി സ്ഥലം.

428. പേരിശേരിൽ പള്ളി. ടി സംഗതി. ടി തീയതി. ടി സ്ഥലം.

429. പടിപ്പുരയ്ക്കൽ അബ്രഹാം കത്തനാർ. ടി സംഗതി. ടി തീയതി. ടി സ്ഥലം.

430. കലയക്കാട്ടിൽ തോമസു കത്തനാർ. ടി സംഗതി. ടി തീയതി. ടി സ്ഥലം.


431. ചിറ്റയക്കാട്ട് മത്തായി കത്തനാർ. ടി സംഗതി. ടി തീയതി. ടി സ്ഥലം.

432. ഉരുളിപ്പുറത്ത് കോശി കത്തനാർ. ടി സംഗതി. ടി തീയതി. ടി സ്ഥലം.

433. മാങ്കാവിൽ ഗീവറുഗീസു കത്തനാർ. ടി സംഗതി. ടി തീയതി. ടി സ്ഥലം.

434. എം. ഐ. ദാനിയേൽ ശെമ്മാച്ചന്. ടി സംഗതി. ടി തീയതി. ഇടവം 5-ന്.

435. പുയ്ക്കുടിയിൽ കളപ്പുരയ്ക്കൽ കൊച്ചുകുഞ്ഞിന്. വർത്തമാനങ്ങൾക്കും പണത്തെ സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.



436. എറികാട്ട് കല്ലറയ്ക്കൽ കുഞ്ചപ്പന്റെ പുതിയ വീടിന്റെ കൂദാശ സംബന്ധിച്ച്.

437. അയിരാമ്പള്ളിൽ പാഴുറ. ശീമയാത്ര, പണപ്പിരിവ് ഇവ സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

438. നെടുമ്പ്രോത്തു കണ്ടത്തിൽ കീവറീച്ചന്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

439. കവിയൂർ സ്ലീബാ പള്ളിക്കാർക്കു. ... ൽ നിന്നും കണിയാന്ത്ര അലക്സന്ത്രയോസു കത്തനാരുടെ ഭാഗത്തുള്ളവർ ശീമയാത്ര പിരിവിന് 350 രൂപാ കൊടുത്തയച്ചത് ഇവിടെ കിട്ടിയെന്നും മറ്റും. ഇടവം 7-നു. ടി സ്ഥലം.

440. വേങ്ങൽ പള്ളിക്കാർക്കു. ശീമയാത്രച്ചെലവു വകയ്ക്ക് ആ പള്ളിയിൽ നിന്നു ... രൂപ കൊടുത്തയയ്ക്കണമെന്ന്. ഇടവം 7-നു. പരുമല സിമ്മനാരി.

441. കെ. സി. ഈപ്പനു. പാസ്പോർട്ടിന്റെ കാര്യത്തെക്കുറിച്ചും മറ്റും. ഇടവം 8-നു. ടി സ്ഥലം.

442. ചീരാമേലിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി. സ്ഥലം.

443. കെ. സി. ചാക്കോ മദ്രാസ്. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി. സ്ഥലം.

444. ചെറുവത്തൂർ മാത്തു ഉതുപ്പ്. വർത്തമാനങ്ങൾക്കും അപേക്ഷപ്രകാരം 25 രൂപ അയ്ക്കുന്നതാണെന്നും.

445. ഡോ. ജെ. ഏബ്രഹാം. മതാപ്പാറ പള്ളിയിൽ നിന്നു രണ്ടു പ്രാവശ്യമായി അയച്ചുതന്ന രൂപ 35-ഉം കിട്ടിയെന്നും മറ്റും.

446. പീടികയിൽ ഗീവറുഗീസ് കത്തനാർ. എഴുത്തും അതോടുകൂടെ അയച്ചിരുന്ന പണവും ഇവിടെ കിട്ടിയെന്നും മറ്റും. ഇടവം 8-നു. പരുമല സിമ്മനാരി.

447. ... തൊമ്മൻ വാധ്യാർക്ക്. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി. സ്ഥലം.

448. ഹെഡ്മാസ്റ്റർ വി. ജെ. ഇട്ടിച്ചെറിയാ. വല്യപറമ്പിൽ കുഞ്ഞൂഞ്ഞിന്റെ മകന് അവിടെ ഒഴിവുണ്ടെങ്കിൽ ഒരു ജോലി കൊടുക്കണമെന്നും നാം ശീമയ്ക്കു പോയി വരുന്നതുവരെ സ്കൂൾ ഇടപെട്ടു സർവ്വ സംഗതികളും സ്കൂൾ കമ്മിട്ടിക്കാരുമായി ആലോചിച്ച് വേണ്ടതുപോലെ പ്രവർത്തിച്ചുകൊള്ളണമെന്നും മറ്റും. ഇടവം 9-നു. ടി സ്ഥലം.

449. തലവടി കിഴക്കേക്കര പള്ളിക്കാർക്കു. ശീമയാത്രച്ചെലവിലേക്ക് വേണ്ട സഹായം ചെയ്യണമെന്ന്. 9-നു. ടി സ്ഥലം.

450. അവിരാമ്പള്ളിൽ പാപ്പിക്ക്. കല്ലൂപ്പാറ പള്ളിയിൽ നിന്നും പണം ഉടനെ കൊടുത്തയയ്ക്കണമെന്നും മറ്റും. ഇടവം 10-നു. ടി സ്ഥലം.

451. മാരേട്ടു കോരയ്ക്ക്. കല്ലൂപ്പാറ പള്ളിയിലെ പണം കൊടുത്തയക്കുന്നതിന് വേണ്ട സഹായം ചെയ്യണമെന്നും മറ്റും. ഇടവം 10-നു. പരുമല സിമ്മനാ

രിയിൽ നിന്നും.

452. കലയക്കാട്ടിൽ തോമ്മസു കത്തനാർക്കു. ടിയാന്റെ വീതത്തിനുള്ള പണം ഉടൻ എത്തിക്കണമെന്നും മറ്റും. ടി തീയതി. ടി. സ്ഥലം.

453. ...

454. കൊച്ചുമെത്രാച്ചനു. കുന്ദംകുളത്തു നിന്നും കമ്പി മണിഓർഡറായി അവിടേക്കു അയച്ച പണം ഇങ്ങോട്ടു അയക്കാതെ അവിടെത്തന്നെ താമസിപ്പിക്കാൻ തപാൽ ശിപായിയെ ശട്ടംകെട്ടുന്നതിന് കുണ്ടറ സിമ്മനാരിയിലേക്ക് എഴുതി. 11-നു. പരുമല സിമ്മനാരിയിൽ നിന്നും.

455. വടശേരിയത്ത് യൗസേപ്പു കത്തനാർ. ...യ്ക്കൽ പള്ളിയിൽ കുരിശു പ്രതിഷ്ഠ കഴിച്ച് കുർബ്ബാന ചൊല്ലുന്നതിന് നാം അനുവദിച്ചിരിക്കുന്നു എന്നും തന്നെ ആ പള്ളിയിലെ വികാരിയായി നാം ആക്കിയിരിക്കുന്നു എന്നും മറ്റും. ഇടവം 12-നു. ടി സ്ഥലം.

466. തെക്കേക്കര കുറിയാക്കോസു കത്തനാർക്കു (കുന്നംകുളം). ടി പള്ളി വകയിൽ നിന്നും കമ്പി മണിഓർഡറായി അയച്ചുതന്ന രൂപ 100-ഉം കിട്ടിയെന്നും മറ്റും. ഇടവം 14-നു. പരുമല സിമ്മനാരിയിൽ നിന്നും.

ഇടവം 17-നു പരുമല നിന്നും തിരിച്ച് 18-നു വെള്ളിയാഴ്ച കുണ്ടറ സിമ്മനാരിയിൽ എത്തി.

476. കെ. സി. ഈപ്പൻ. ശീമയാത്രയെക്കുറിച്ച്. ഇടവം 19-നു കുണ്ടറ സിമ്മനാരിയിൽ നിന്നും.

477. തിരുവനന്തപുരം പള്ളി അസിസ്റ്റന്റ് വികാരി ചേരാവള്ളിൽ മത്തായി കത്തനാർക്ക്. ശീമയാത്രയെക്കുറിച്ചും പണിയിക്കാൻ കൊടുത്ത അംശവടിയെ സംബന്ധിച്ചും. ടി തീയതി. ടി. സ്ഥലം.

478. കെ. സി. മാമ്മൻ മാപ്പിള. ശീമയാത്രയെ സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

479. ശീമോൻ ശെമ്മാശനു. വർത്തമാനങ്ങളെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

480. പാറേട്ട് മാത്യൂസ് കത്തനാർ. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

481. പീലക്സിനോസ് മെത്രാച്ചനു. ശീമയാത്രയെ സംബന്ധിച്ചും മറ്റും. ഇടവം 21-നു. കുണ്ടറ സിമ്മനാരിയിൽ നിന്നും.

482. ചക്കിട്ടടത്തു തോമ്മസു കത്തനാർ. തുമ്പമൺ പള്ളിയിൽ നിന്നും ശീമയാത്രയ്ക്കു കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്ന പണം ഉടനെ തന്നെ കൊടുത്തയയ്ക്കണമെന്നും മറ്റും. ഇടവം 21-നു. ടി സ്ഥലം.

483. കടമ്മനിട്ട പുത്തൻപുരയിൽ ഗീവറുഗീസ് കത്തനാർക്ക്. ടി സംഗതി. ടി സ്ഥലം.

484. മാക്കാംകുന്നു പള്ളിയിലെ കശീശന്മാർക്ക്. ടി സംഗതി. ടി തീയതി. ടി. സ്ഥലം.

485. ഓമല്ലൂർ പള്ളിയിലെ കശീശന്മാർക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

486. തേരകത്ത് ചെറിയാൻ മുതലാളിക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

487. പടിപ്പുരയ്ക്കൽ അബ്രഹാം കത്തനാർക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

488. മറുങ്കാവിൽ ഗീവറുഗീസ് കത്തനാർ. ടി സംഗതി. ടി തീയതി. ടി സ്ഥലം.

489. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്ക്. ശീമയാത്രച്ചെലവിലേക്കു കായംകുളത്തു പള്ളിയിൽ നിന്നും കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള സംഖ്യ ഉടനെ ഇവിടെ കിട്ടത്തക്കവണ്ണം അയച്ചുതരണമെന്ന്. ഇടവം 21-നു. കുണ്ടറ സിമ്മനാരി.

490. എം. എ. ദാനിയേൽ ശെമ്മാശൻ. കൊറ്റമ്പള്ളി, തഴവാ മുതലായ പള്ളികളിൽ നിന്നും ഉള്ള പണപ്പിരിവ് ഉടനെ ഇവിടെ എത്തിക്കണമെന്ന്.

491. വെണ്മണി പള്ളിയിലെ കശീശന്മാർക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

492. പുളിമൂട്ടിൽ തോമസിന്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

497. പഴഞ്ഞി പള്ളിയിലെ കശീശന്മാർക്ക്. ടി സംഗതി. ടി തീയതി. ടി. സ്ഥലം.

498. കിഴക്കേത്തലയ്ക്കൽ തോമ്മസു കത്തനാർക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

500. വിലനിലത്ത് മൂപ്പച്ചന്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

504. പയ്യമ്പള്ളിൽ മൂപ്പച്ചന്. ശീമ പണംപിരിവു കാര്യം. ടി തീയതി. ടി സ്ഥലം.

505. ചേന്തക്കടവിൽ ഗീവറുഗീസു കത്തനാർക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

506. മട്ടയ്ക്കൽ മല്പാൻ. പരുമല സിമ്മനാരിയിൽ പീലിപ്പോസു കത്തനാരോടുകൂടി താമസിച്ച് അവിടുത്തെ സകല സംഗതികളും ഇരുവരും ആലോചിച്ചും അറിഞ്ഞും പ്രവർത്തിച്ചുകൊള്ളണമെന്നും മറ്റും. 25-നു. ടി സ്ഥലം.

507. പീലിപ്പോസു കത്തനാർക്ക്. മട്ടയ്ക്കൽ മല്പാനെ കൂടി അവിടുത്തെ കാര്യാദികളുടെ അന്വേഷണത്തിന് നാം നിയമിച്ചിരിക്കുന്നു എന്നും മറ്റും. ടി തീയതി. ടി. സ്ഥലം.

511. മാങ്കാവിൽ ഗീവറുഗീസു കത്തനാർ. ആൾവശം അയച്ചുതന്ന രൂപ 15 -ഉം കിട്ടി എന്നു. ഇടവം 27-നു. ടി സ്ഥലം.

512. കെ. സി. ഗീവറുഗീസിന്. കൊടുത്തയച്ച രൂപ 1000 കലയങ്കാട്ടിൽ തോമ്മസു കത്തനാരുടെ വകയായ 100 ഇങ്ങനെ 1100 രൂപാ കിട്ടിയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

513. തേരകത്തു ചെറിയാൻ കുഞ്ഞിനു. അയച്ച എഴുത്തും നൂറു രൂപായും കിട്ടിയ വിവരത്തിനു. ഇടവം 31-നു. ടി സ്ഥലം.

514. എറികാട്ടു കുഞ്ചപ്പനു. ആൾവശം അയച്ച രൂപ 500 ഉം കിട്ടി എന്നും ദിവസം നിശ്ചയിച്ച വിവരം അറിയിക്കുമ്പോൾ ശേഷം 500 അയക്കണമെന്നു. ഇടവം 31-നു. ടി സ്ഥലം.

515. പാറേട്ടു മാത്യൂസ് കത്തനാർക്കു. പറഞ്ഞിട്ടുള്ള കടലാസുകെട്ടു അയിപ്പു വശം അയച്ചുതരണമെന്നു. മിഥുനം 31-നു. ടി സ്ഥലം.

516. ഇടവങ്കാട്ടു പള്ളിക്കാർക്കു. ശീമയാത്രാ ചിലവിലേക്കുള്ള 20 രൂപ കിട്ടിയ വിവരത്തിനും മേൽ പള്ളിനടപടികളെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

517. വടക്കേതലയ്ക്കൽ സക്കറിയാ കത്തനാർക്കു. അവിടുത്തെ ഇംഗ്ലീഷു സ്കൂളിന്റെ മുതലായ സകലവും ടിയാൻ ചുമതലപ്പെട്ടു നടത്തിക്കൊള്ളണമെന്നും മുൻ കരാറനുസരിച്ചു. ചെക്കായി നാം കൊടുത്തിട്ടുള്ള പണം കഴിയുന്നതുംവേഗത്തിൽ നമുക്കു അയച്ചുതരണമെന്നും മറ്റും. മിഥുനം 2-നു. ടി സ്ഥലം.

518. മട്ടയ്ക്കൽ അലക്സന്ത്രയോസു മല്പാനു. അയച്ച എഴുത്തു കിട്ടിയെന്നും ഈവാനിയോസ് മെത്രാച്ചനെ സംബന്ധിച്ചു പത്രോസു ശെമ്മാശൻ, ശീമോൻ ശെമ്മാശൻ മുതലായവർ എഴുതിയച്ചതിൽ വിസ്മയിച്ചും മറ്റു വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

519. അയിരാമ്പള്ളിൽ പാപ്പിക്കു. ശീമയാത്ര ചിലവിലേക്കു പണം അയച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

520. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. തിരുവനന്തപുരം പള്ളി ശീമയാത്ര പണപ്പിരിവിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

521. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. പീപ്പിൾസ് ബാങ്കിൽ നിന്നും നാഷണൽ ബാങ്കിലേക്കുള്ള ചെക്കു മാറി കൊണ്ടുപോരണമെന്നു. ടി തീയതി. ടി സ്ഥലം.

522. നെടുമ്പ്രോത്തു കണ്ടത്തിൽ ഗീവറുഗീസിനു. ശീമയാത്രയെ സംബന്ധിച്ചു. മിഥുനം 4-നു. ടി സ്ഥലം.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

ലേഖനം

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സഭാ സ്വാതന്ത്ര്യ ദർശനം

ഡീക്കൻ മാമ്മൻ ജോസഫ് പുതുശ്ശേരി



അടിമവീടായ മിസ്രേമിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ തറവാടായ കനാനിലേക്ക് യിസ്രായേൽ ജനങ്ങളെ നയിച്ച മോശയ്ക്ക് സമനായി മലങ്കരയിൽ ജീവിച്ച മോശയാണ് വട്ടശ്ശേരിൽ തിരുമേനി. ... മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിലൂടെ പരിശുദ്ധ തിരുമേനി നേടിയെടുത്ത സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും ദേശാഭിമാനികളായ സഭാസ്നേഹികളെ അഭിമാനഭരിതരാക്കി. വിദേശമേൽക്കോയ്മയ്ക്ക് അടിമപ്പെട്ട് കഴിയുന്ന ഒരവസ്ഥാവിശേഷത്തിൽ നിന്നും മലങ്കര സഭയെ വിമോചിപ്പിച്ചത് വട്ടശ്ശേരിൽ തിരുമേനിയുടെ ക്രാന്തദർശിത്വവും ധീരതയും ഉച്ഛൃംഖലമായ ധിഷണാശക്തിയുമാണ്.

1. ആമുഖം

“ പെരുത്തു നൂറ്റാണ്ടിനിടയ്ക്കൊരിക്കലി
മരുപ്പറമ്പാ മുലകത്തിലീശ്വരൻ
ഒരുറ്റ വൃക്ഷത്തെ നടുന്നു പാന്ഥരായ്
വരുന്നവർക്കുത്തമ വിശ്രമത്തിനായ് ”

വള്ളത്തോളിന്റെ ‘ജാതകം തിരുത്ത്’ എന്ന കൃതിയിലെ വരികളാണിവ. ജനകോടികളുടെ ജാതകം തിരുത്തിയെഴുതാൻ കഴിവുള്ള മഹാൻമാർ ആയിരത്താണ്ടുകളിലിടയ്ക്കൊരിക്കലേ ജനിക്കാറുള്ളൂ എന്നാണ് വള്ളത്തോൾ പറഞ്ഞുവയ്ക്കുന്നത്. അപ്രകാരം സത്യവിശ്വാസവും സ്വത്വബോധവും പേറിയ മലങ്കരയിലെ വിശ്വാസസമൂഹത്തെ വിദേശാധിപത്യത്തിൽ നിന്നും മോചിപ്പിച്ച് സ്വയശീർഷകത്വവും അസ്ഥിത്വവും നൽകിയ പുണ്യപിതാവാണ് മാർ ദിവന്നാസ്യോസ് VI-ാമൻ എന്ന വട്ടശ്ശേരിൽ തിരുമേനി *“മനുഷ്യരാശിക്ക് വല്ലപ്പോഴുമൊരിക്കൽ മാത്രം ലഭിക്കുന്ന ദിവ്യനേതൃസിദ്ധികളോടുകൂടിയ ആത്മീയ പുരുഷൻമാരിൽ ഒരാളായിരുന്നു പരിശുദ്ധ തിരുമേനി. അന്ധകാരപൂരിതമായിരുന്ന ഒരവസ്ഥയിൽ നിന്നും സഭയും സമൂഹവും ആ ഭാസുരപ്രകാശത്താൽ ഒരു പുലരിയിലേക്ക് പ്രവേശിച്ചു.”* [1] എന്ന കാലം ചെയ്ത ദിദിമോസ് പ്രഥമൻ ബാവായുടെ അനുസ്മരണ വചസ്സുകൾ കവിവാക്യത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. സത്യത്തിനുവേണ്ടി അചഞ്ചലമായി നിലകൊള്ളുവാനും വിട്ടുവീഴ്ചയില്ലാതെ പോരാടുവാനും കഴിയുന്ന വിശ്വാസവീരനായി സഭാചരിത്രത്തിൽ തിരുമേനി നിലകൊള്ളുന്നു.

അടിമവീടായ മിസ്രേമിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ തറവാടായ കനാനിലേക്ക് യിസ്രായേൽ ജനങ്ങളെ നയിച്ച മോശയ്ക്ക് സമനായി മലങ്കരയിൽ ജീവിച്ച മോശയാണ് വട്ടശ്ശേരിൽ തിരുമേനി. കൂനൻ കുരിശ് സത്യത്തോടെ മലങ്കര സഭ പാശ്ചാത്യനുകത്തിൽ നിന്ന് മോചിതരായെങ്കിലും എരിതീയിൽ നിന്ന് വറചട്ടിയിലേക്ക് എന്നപോലെ അന്ത്യോഖ്യൻ അടിമത്വത്തിലേക്ക് വീണുപോയി. ആപത്തിൽ സഹായ ഹസ്തം നീട്ടിയവർ അധീശ്വത്വം സ്ഥാപിച്ച് എന്നന്നേക്കുമായി മലങ്കരയെ കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിച്ചു. അതിനാൽ തന്നെ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിലൂടെ പരിശുദ്ധ തിരുമേനി നേടിയെടുത്ത സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും ദേശാഭിമാനികളായ സഭാസ്നേഹികളെ അഭിമാനഭരിതരാക്കി. വിദേശമേൽക്കോയ്മയ്ക്ക് അടിമപ്പെട്ട് കഴിയുന്ന ഒരവസ്ഥാവിശേഷത്തിൽ നിന്നും മലങ്കര സഭയെ വിമോചിപ്പിച്ചത് വട്ടശ്ശേരിൽ തിരുമേനിയുടെ ക്രാന്തദർശിത്വവും ധീരതയും ഉച്ഛൃംഖലമായ ധിഷണാശക്തിയുമാണ്.

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സഭാ സ്വാതന്ത്ര്യദർശനങ്ങൾ എന്തെല്ലാമാണെന്നാണ് ഈ ചെറു പ്രബന്ധത്തിലൂടെ കണ്ടെത്തുവാൻ ശ്രമിക്കുന്നത്.

2. ജീവചരിത്രം

മല്ലപ്പള്ളിയിലെ പൗവ്വത്തിക്കുന്നേൽ തറവാട്ടിൽ വട്ടശ്ശേരിൽ കുടുംബത്തിൽ ജോസഫിന്റെയും ഏലിയാമ്മയുടെയും അഞ്ചാമത്തെ മകനായി 1858 ഒക്ടോബർ 31-ന് ഗീവർഗീസ് ജനിച്ചു. മല്ലപ്പള്ളി മുട്ടത്തുമൺ സി.എം.എസ്. സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസവും കോട്ടയം സി.എം.എസ്. കോളജിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തീകരിച്ചു. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കോറുയോ പട്ടം സ്വീകരിച്ചു. മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടിയ പത്രോസ് തൃതീയൻ പാത്രയർക്കീസാണ് 1876 ഒക്ടോബർ 12-ന് പുതുപ്പള്ളി പള്ളിയിൽ വച്ച് ശെമ്മാശപട്ടം നൽകുന്നത്. അതിനുശേഷം കോട്ടയം പഴയ സെമിനാരിയിൽ നാല് വർഷം പഠിച്ചു. ഈ കാലയളവിൽ പരുമല തിരുമേനിയുമായി അടുപ്പമുണ്ടായത് വഴി സുറിയാനി ഭാഷയിൽ അഗാധ പാണ്ഡിത്യം നേടി. വെട്ടിക്കൽ ദയറായിലുണ്ടായിരുന്ന പൗലോസ് മാർ ഈവാനിയോസ് തിരുമേനി വേദശാസ്ത്രവും സുറിയാനിയും അദ്ദേഹത്തെ പഠിപ്പിച്ചു. 1879 ഒക്ടോബർ 16-ന് പൂർണ്ണ ശെമ്മാശപട്ടവും 1880 ജനുവരി 18-ന് കശ്ശീശ്ശാ പട്ടവും നൽകപ്പെട്ടു. പരി. പരുമല തിരുമേനി കശ്ശീശ്ശാപട്ടം നൽകുന്നതോടൊപ്പം പരുമല സെമിനാരി മാനേജർ ആയി നിയമിച്ചു. സുറിയാനി, സഭാവിശ്വാസം, കാനോൻ, സഭാചരിത്രം, പിതാക്കൻമാരുടെ പഠിപ്പിക്കലുകൾ എന്നിവയിൽ അഗാധമായ ജ്ഞാനമുണ്ടായിരുന്ന വട്ടശ്ശേരിൽ തിരുമേനിയെ ‘മലങ്കര മല്പാൻ’ സ്ഥാനം നൽകി ആദരിച്ചു. മാതൃകാദ്ധ്യാപകനായിരുന്ന അദ്ദേഹം 1896 മുതൽ 8 വർഷം കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിന്റെ പ്രിൻസിപ്പലായി പ്രവർത്തിച്ചു. അതേസമയം പഴയസെമിനാരിയിൽ പഠിപ്പിക്കുകയും ചെയ്തു.

1903 നവംബർ 2-ന് പരുമല തിരുമേനിയുടെ ഒന്നാം ചരമവാർഷിക ദിനത്തിൽ പരുമല സെമിനാരിയിൽ വച്ച് പുലിക്കോട്ടിൽ തിരുമേനി വട്ടശ്ശേരിൽ

മല്പാന് റമ്പാൻ സ്ഥാനം നൽകി. 1908 ഫെബ്രുവരി 14-ന് പഴയ സെമിനാരിയിൽ കൂടിയ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അദ്ദേഹത്തെ മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1908 മെയ് 31-ന് യെരുശലേമിൽ വച്ച് അബ്ദുള്ള പാത്രയർക്കീസ് 'ഗീവറുഗീസ് മാർ ദിവന്നാസ്സിയോസ്' എന്ന പേരിൽ മേല്പട്ടസ്ഥാനത്തേക്ക് വാഴിച്ചു. 1912-ൽ പുലിക്കോട്ടിൽ തിരുമേനി കാലം ചെയ്തതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്ത സ്ഥാനത്ത് എത്തി സഭാഭരണം ആരംഭിച്ചു. മലങ്കര സഭയെ തന്റെ അധികാര പരിധിയിൽ ആക്കുവാൻ ശ്രമിച്ച അബ്ദുള്ള പാത്രയർക്കീസിനെ വട്ടശ്ശേരിൽ തിരുമേനി നഖശിഖാന്തം എതിർത്തു. അതേതുടർന്ന് മാർ ദിവന്നാസ്യോസിനെ മുടക്കിക്കൊണ്ട് ഒരു കല്പന അബ്ദുള്ള പാത്രയർക്കിസ് പുറപ്പെടുവിച്ചു. എന്നാൽ സീനിയർ അന്ത്യോഖ്യൻ പാത്രയർക്കിസായിരുന്ന അബ്ദൽ മശിഹാ, അബ്ദുള്ള പാത്രയർക്കിസിന്റെ നടപടികളെ റദ്ദുചെയ്തു. തുടർന്ന് 1912 സെപ്റ്റംബർ 15-ന് നിരണം പള്ളിയിൽ വച്ച് മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിലേക്ക് പൗരസ്ത്യ കാതോലിക്കയായി മുറിമറ്റത്തിൽ മാർ ഇവാനിയോസിനെ വാഴിച്ചതുവഴി മലങ്കരസഭ ഒരു സ്വതന്ത്ര കാതോലിക്കേറ്റായി. 1930-ൽ തിരുമേനിയുടെ വിശ്വസ്ത ശിഷ്യൻ ബഥനിയുടെ മാർ ഈവാനിയോസ് അനുചരൻമാരോടൊപ്പം മലങ്കര റീത്ത് സൃഷ്ടിച്ച് റോമാ സഭയെ പുൽകി. ജീവിതത്തിലെ ഇപ്രകാരമുള്ള സംഘർഷനിർഭരമായ നിമിഷങ്ങളിലെല്ലാം അടിയുറച്ച ദൈവാശ്രയബോധവും നിർമ്മലഭക്തിയും കുശാഗ്രബുദ്ധിയും മൂലം എല്ലാറ്റിനെയും തരണം ചെയ്യുവാൻ തിരുമേനിക്ക് സാധിച്ചു.

1934 ഫെബ്രുവരി 23—ന് 76-ാം വയസ്സിൽ തിരുമേനി കാലം ചെയ്തു. പരി. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ കബറടക്ക ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 2003 ഫെബ്രുവരി 24-ന് മലങ്കര സഭ സുന്നഹദോസ് തിരുമേനിയെ വിശുദ്ധനായി പ്രഖ്യാപിച്ചു.

3. പ. വട്ടശ്ശേരിൽ തിരുമേനിയുടെ സഭാദർശനം

കാറ്റും കോളും നിറഞ്ഞ മലങ്കര സഭാന്തരീക്ഷത്തിൽ മലങ്കര സഭയെ സധൈര്യം നയിച്ച ആത്മീയ പിതാവാണ് വട്ടശ്ശേരിൽ തിരുമേനി. എന്തു ചെയ്യണമെന്നും ആ ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ചുള്ള പൂർണ്ണ അവബോധവും തിരുമേനിയെ നയിച്ചു. സഭയെക്കുറിച്ച് വ്യക്തമായ ദർശനവും കാഴ്ചപ്പാടും തിരുമേനിയുടെ ഡയറിക്കുറിപ്പുകളിലും, കല്പനകളിലും പ്രഭാഷണങ്ങളിലും എഴുത്തുകളിലുമെല്ലാം തെളിഞ്ഞു നിൽക്കുന്നു. ആ ദർശനങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്താനുള്ള എളിയ ശ്രമമാണിത്.

3.1 സ്വാതന്ത്ര്യവും സ്വയംശീർഷകത്വവുമുള്ള സഭ-'കാതോലിക്കാ സ്ഥാപനത്തെ പുലർത്തുക.'

പരി. വട്ടശ്ശേരിൽ തിരുമേനിയുടെ ദർശനങ്ങളിൽ അതിപ്രധാനമാണ് കാതോലിക്കേറ്റ് സ്ഥാപനം. പൗരസ്ത്യ സഭകളുടെ സ്വഭാവം അനുസരിച്ച് മേല്പട്ടക്കാരെ വാഴിക്കുക, വി. മൂറോൻ കൂദാശ നടത്തുക തുടങ്ങിയവയ്ക്ക് കാതോലിക്കോസ് പോലെയുള്ള ഒരു പ്രധാന തലവൻ ആവശ്യമാണ്. മലങ്കര സഭ മേൽപ്പറഞ്ഞ രണ്ടു കാര്യങ്ങൾക്കും വിദേശസഭകളെയായിരുന്നു ആശ്രയിച്ചിരുന്നത്. ആദ്യകാലങ്ങളിൽ മലങ്കരസഭയ്ക്ക് പേർഷ്യൻ സഭയുമായി ആയിരുന്നു ബന്ധമുണ്ടായിരുന്നതെങ്കിലും ഇസ്ലാം അധിനിവേശത്തോടെ പേർഷ്യൻ സഭ നശിക്കുകയും അവരുമായിട്ടുള്ള ബന്ധം ഇല്ലാതാകുകയും ചെയ്തു. പിന്നീടാണ് മലങ്കര സഭ അന്ത്യോഖ്യൻ സഭയുമായി ബന്ധപ്പെട്ടു വരുന്നത്. അവിടുത്തെ പാത്രിയർക്കിസുമാർ ആത്മീയ അധികാരം കൊണ്ട് മാത്രം തൃപ്തിപ്പെടാതെ ഭൗതിക വസ്തുക്കളിൻമേലും അധികാരമുണ്ടാകണമെന്ന് ആഗ്രഹിച്ചു. അതിന് വഴങ്ങാത്തതിനാൽ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതൊക്കെ ചരിത്രത്തിലെ ഏടുകളാണ്. ഇങ്ങനെ വിദേശ മേലദ്ധ്യക്ഷന്മാരെ ആശ്രയിച്ചതിനാൽ വന്ന പ്രശ്നങ്ങൾ പരിഹരിച്ച് ഇവിടുത്തെ സഭയ്ക്ക് ഒരു പ്രധാന മേലദ്ധ്യക്ഷൻ ഉണ്ടാകണമെന്നുള്ള ചിന്ത വളരെ സജീവമായി.

കത്തോലിക്കാസഭയിലെ പോപ്പിനെപ്പോലെ ഒരു ആഗോള തലവൻ ഓർത്തഡോക്സ് സഭകൾക്കില്ല. അതാത് രാജ്യങ്ങളിൽ തദ്ദേശീയ സഭകളും അതിന് സ്വതന്ത്രനേതൃത്വവുമാണുള്ളത്. ഇതിനനുസരിച്ച് ഒരു ഭരണസംവിധാനം ഇവിടെയുമുണ്ടാകണമെന്ന് തിരുമേനി ആഗ്രഹിച്ചു. ഒരുവിധത്തിൽ ചിന്തിച്ചാൽ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതാണ് മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനം വേഗത്തിലാക്കിയത് എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. തിരുമേനിയുടെ മുടക്ക് സാധൂകരണം ഇല്ലാത്തതാണെങ്കിലും പട്ടം നൽകിയ ആൾ തന്നെ അപ്രകാരം ചെയ്തപ്പോൾ അപ്രകാരം പട്ടത്വനൽവരമുള്ള മറ്റൊരു സ്ഥാനി അത് നീക്കം ചെയ്താൽ കാനോനികമായി പിൽക്കാലത്ത് ആരും ദോഷം ആരോപിക്കുവാൻ ഇടവരികയില്ല. ആ വഴിക്ക് തിരുമേനി ചിന്തിച്ചപ്പോഴാണ് മേലിൽ മേൽപ്പട്ടസ്ഥാനത്തേക്ക് ആരേയും ആശ്രയിക്കുവാൻ ഇടവരാതെ ഇവിടെതന്നെ സ്വതന്ത്രമേലദ്ധ്യക്ഷൻ ഉണ്ടാകണമെന്ന് നിശ്ചയിച്ചത്.

അപ്രകാരമാണ് തുർക്കിയിലെ രാഷ്ട്രീയകാരണങ്ങളാൽ സ്ഥാനം നഷ്ടപ്പെട്ടെങ്കിലും സഭാനിയമങ്ങൾക്കനുസരിച്ച് സ്ഥാനത്തിന് യാതൊരു കുറവുമില്ലാതിരുന്ന അബ്ദുൾ മശിഹാ പാത്രയർക്കീസിനെ മലങ്കര സഭ ക്ഷണിക്കുന്നതും വട്ടശ്ശേരിൽ തിരുമേനിയുടെയും കല്യാശ്ശേരിൽ ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും സഹകരണത്തോടെ 1912 സെപ്റ്റംബർ 15-ന് നിരണം പള്ളിയിൽ വച്ച് മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ 'മാർ ബസേലിയോസ് പൗലൂസ് പ്രഥമൻ' എന്ന നാമത്തിൽ ഒന്നാം കാതോലിക്കായായി വാഴിക്കുന്നതും. മേല്പട്ട സ്ഥാനം നൽകുന്നതിനും മൂറോൻ കൂദാശ നടത്തുന്നതിനും അധികാരം സ്താത്തിക്കോനിലൂടെ കാതോലിക്കായ്ക്ക് നൽകുകയുണ്ടായി. സ്വതന്ത്രമായി ഒന്നാം നൂറ്റാണ്ടുമുതൽ നിലനിന്നിരുന്ന മലങ്കര സഭയ്ക്ക് ഇടക്കാലത്തുണ്ടായ പാരതന്ത്രങ്ങളെ നീക്കം ചെയ്യുന്നതിനും പരമാധികാരത്തോടുകൂടിയുള്ള സ്വതന്ത്ര സഭയായി നിലനില്ക്കുന്നതിനും കാതോലിക്കേറ്റ് സ്ഥാപനം വഴിയൊരുക്കി.

സഭയ്ക്കുണ്ടായ നേട്ടങ്ങൾ

ഇതുമൂലം സഭയ്ക്കുണ്ടായ നേട്ടങ്ങൾ താഴെപറയുന്നവയാണ്.

(i) മേല്പട്ടസ്ഥാനത്തിനും മൂറോൻ കൂദാശയ്ക്കും ഇനി മേലാൽ മറ്റാരെയും ആശ്രയിക്കേണ്ടതില്ല എന്നു വന്നു.

(ii) മലങ്കരസഭ മറ്റേതു ഓർത്തഡോക്സ് സഭയെപ്പോലെയും ഒരു സ്വതന്ത്ര സഭയായി മാറി.

(iii) സഭയുടെ പരമാദ്ധ്യക്ഷനെ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം സഭയുടെ മക്കൾക്ക് ലഭിച്ചു.

(iv) ഭാരതത്തിന്റെ സംസ്കാരത്തോട് ഇഴുകിചേർന്ന് പ്രവർത്തിക്കുന്നതിനുള്ള അവസരം ഉണ്ടായി.

(v) ഒരു സ്വതന്ത്രസഭയെന്ന നിലയിൽ എക്യുമെനിക്കൽ ബന്ധങ്ങൾക്ക് ആക്കംകൂട്ടുവാൻ ഇടയായി. WCC-ൽ റഷ്യൻ സഭയുൾപ്പെടെയുള്ളവർ അംഗത്വമെടുക്കുന്നതിന് മുമ്പ് മലങ്കര സഭ അതിൽ അംഗമായി.

(vi) എല്ലാത്തിലുമുപരി മാർത്തോമാ ശ്ലീഹായുടെ ശ്ലൈഹിക പാരമ്പര്യം കാതോലിക്കേറ്റിലൂടെ ഊട്ടിയുറപ്പിച്ചു.

ഇതെല്ലാം സാധ്യമായത് വട്ടശ്ശേരിൽ തിരുമേനിയുടെ ദീർഘവീക്ഷണവും ത്യാഗനിർഭരമായ പ്രവർത്തനവും മൂലമാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ കാലഘട്ടത്തിലെ പല സംഭവങ്ങളുടെയും ദൃക്സാക്ഷിയായ പത്തനംതിട്ട മല്ലശ്ശേരി കരിമരത്തിനാൽ ഫാ. കെ. കെ. വറുഗീസ്, "മലങ്കരസഭാ ഭാസുരൻ" എന്ന ഗ്രന്ഥത്തിന്റെ രണ്ടാം വാല്യത്തിൽ എഴുതിയിരിക്കുന്ന അതിശക്തമായ മുഖവുര ചുവടെ ചേർക്കുന്നു.

"തന്റെ സ്വന്തം സഭാമാതാവ് അപകടത്തിൽ എന്നു കണ്ട ക്ഷണത്തിൽ അദ്ദേഹം മുൻപിൻ നോക്കാതെ അടർക്കളത്തിൽ പോരാട്ടം നടത്തി. തന്നോടുകൂടി അടർക്കളത്തിൽ ഇറങ്ങുന്നതിനോ സഹായിക്കുന്നതിനോ അദ്ദേഹം ആരോടും ആവശ്യപ്പെട്ടില്ല. ആരേയും പ്രേരിപ്പിച്ചുമില്ല. ആ പിതാവ് സ്വന്തം പുകഴ്ചയ്ക്കോ ലാഭത്തിനോ വേണ്ടിയല്ല. സഭയുടെ നിലനിൽപ്പിനായിട്ടാണ് രാപ്പകൽ വ്യത്യാസമില്ലാതെ ഊണും ഉറക്കവുമുപേക്ഷിച്ചു പോരാടുന്നു എന്നു കണ്ടപ്പോൾ വിദ്യാഭ്യാസപരമായും സാമ്പത്തികമായും സാംസ്ക്കാരിക മായും സഭയിൽ പുരോഗതി കൈവരിച്ചിരുന്ന ജാത്യാഭിമാനികളായ മഹാഭൂരിപക്ഷം ജനങ്ങൾ അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു. അവരുടെ നേതൃത്വം വഹിച്ചു സമരം ചെയ്യുവാൻ അദ്ദേഹത്തെ പോലെ ശക്തനായ ഒരു മെത്രാപ്പൊലീത്തയെ ദൈവം നിയോഗിച്ചില്ലായിരുന്നുവെങ്കിൽ മലങ്കര സഭ ഇന്ന് അറബികളുടെ പുരപ്പറമ്പു പോലെ അവശേഷിക്കു മായിരുന്നു". [2]

അബ്ദുൾ മശിഹാ പാത്രിയർക്കിസ് തുർക്കി രാജ്യത്തിൽ നിന്നും സ്ഥാനഭ്രഷ്ട നായാലും അദ്ദേഹത്തിന്റെ ആത്മീയ അധികാരങ്ങൾക്ക് ഒരു

കുറവുമില്ലെന്നും അദ്ദേഹത്തെ വിളിച്ചാൽ ഇവിടെ കാതോലിക്കേറ്റ് സ്ഥാപിക്കുവാൻ കഴിയുമെന്നും ഔഗേൻ റമ്പാനിലൂടെ (പിന്നീട് ബസേലിയോസ് ഔഗേൻ പ്രഥമൻ) അറിഞ്ഞ വട്ടശ്ശേരിൽ തിരുമേനി കാതോലിക്കേറ്റ് സ്ഥാപനത്തിനായി മലങ്കരയിലേക്ക് അബ്ദുൾ മശിഹാ പാത്രിയർക്കിസിനെ ക്ഷണിക്കുന്നു. കാതോലിക്കാ സിംഹാസനവും കാതോലിക്കായുടെ പ്രസക്തിയും സഭാഭരണം നിർവഹിക്കുന്നതിനും മൂറോൻ കൂദാശ നടത്തുന്നതിനും കല്പനകൾ നൽകുന്നതിനും കാതോലിക്കായ്ക്ക് പാത്രിയർക്കിസിന് തുല്യമായ അധികാരമുണ്ടെന്ന് തന്റെ ഒന്നാം കല്പനയിലൂടെ പാത്രിയർക്കിസിനെ കൊണ്ട് തന്നെ വട്ടശ്ശേരിൽ തിരുമേനി വ്യക്തമാക്കിച്ചു.

അബ്ദുൾ മശിഹാ പാത്രിയർക്കിസ് പോകുന്നതിന് മുമ്പ് വട്ടശ്ശേരിൽ തിരുമേനി അദ്ദേഹത്തെകൊണ്ട് മറ്റൊരു കല്പ്പന കൂടി എഴുതിച്ചു. ആ കല്പ്പനയിൽ ഇങ്ങനെ വ്യക്തമാക്കുന്നു. *"നിങ്ങൾക്ക് ഇവിടെ ഒരു കാതോലിക്കായെ തിരഞ്ഞെടുത്തു വാഴിക്കാനുള്ള അവകാശം മലങ്കര ഓർത്തഡോക്സ് സഭയുടെ സുന്നഹദോസിൽ നിക്ഷിപ്തമായിരി ക്കുന്നു."* ഇത് രണ്ടാമത്തെ കല്പ്പനയിൽ എഴുതിച്ചത് മലങ്കര സഭയുടെ കാതോലിക്കേറ്റിന്റെ ക്രാന്തദർശിയായ വട്ടശ്ശേരിൽ തിരുമേനി ആയിരുന്നു എന്നുള്ളത് മലങ്കര സഭയുടെ ഭരണ നിയന്ത്രണത്തിൽ അദ്ദേഹത്തിന് എന്തുമാത്രം പങ്കുണ്ടെന്ന് വ്യക്തമാക്കുന്നു.

വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യകല്പനയിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു.

"നമ്മുടെ സഭയുടെ നിലനിൽപ്പിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടുകൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരയായി പല പ്രയാസങ്ങൾ സഹിച്ച് നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്ക സ്ഥാനത്തെ പുലർത്തിക്കൊണ്ടുപോകുവാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു". [3]

വട്ടശ്ശേരിൽ തിരുമേനിയുടെ ഒന്നാമത്തെ ദർശനമായി 'കാതോലിക്ക സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകണം' എന്നത് പരിഗണിക്കാം.

3.2 വ്യക്തവും സ്പഷ്ടവുമായ ഭരണക്രമമുള്ള സഭ

മലങ്കരസഭയ്ക്ക് സുസ്ഥിരമായ ഒരു ഭരണഘടന അനിവാര്യമാണെന്ന ബോധ്യം ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ശക്തമായി. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയോസ് മലങ്കര മെത്രോപ്പൊലീത്ത സ്ഥാനം ഏറ്റതുമുതൽ ഭരണഘടനാ നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ട്. ഭരണഘടനയിൽ എപ്പിസ്കോപ്പസിയുടെ അപ്രമാദിത്വം ഒഴിവാക്കി ജനാധിപത്യ സംവിധാനങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന വാദമാണ് ശക്തിപ്പെട്ടത്. അക്കാലത്തെ അത്മായ പ്രമുഖരായ കെ. സി. ചാക്കോ, മേമന ടി. ജോസഫ്, അഡ്വ. പത്രോസ് മത്തായി, കെ. കെ. ലൂക്കോസ്, എം. പി. വർക്കി, കെ. എം. വർഗീസ് തുടങ്ങിയവർ ചർച്ചകൾക്ക് നാവും തൂലികയും ശക്തമായി വിനിയോഗിച്ചു. ഭരണഘാടനാ ചർച്ചകൾക്ക് വേദിയൊരുക്കുവാനായി 1920-ൽ സുറിയാനി സഭ എന്ന മാസിക ആരംഭിച്ച് അതിൽ മലങ്കര സുറിയാനി ഭരണ നിയമത്തിന്റെ കരട് പ്രസിദ്ധീകരിച്ചു. [4]

1920-ലെ ഭരണഘടനാ കരട് ബില്ലിൽ സ്ത്രീകൾക്ക് ഇടവക പൊതുയോഗത്തിൽ വോട്ടവകാശം നൽകുന്നതിന്റെ ആവശ്യകതയെക്കുറിച്ചും ചർച്ച നടന്നു എന്നത് ശ്രദ്ധേയമാണ്.

1934-ൽ നിലവിൽ വന്ന മലങ്കരസഭയുടെ ഭരണഘടന തിരുമേനിയുടെ ദൈഷണികതയുടെയും ആസൂത്രണവൈഭവത്തിന്റെയും പ്രത്യക്ഷ ഉദാഹരണമാണ്. ഒ.എം. ചെറിയാൻ കൺവീനറായി നിയമിക്കപ്പെട്ട ഭരണഘടനാ ഡ്രാഫ്റ്റ് കമ്മിറ്റിക്ക് ഭരണഘടനയുടെ വിവിധ ഘട്ടങ്ങളിലെ നിർവഹണത്തെക്കുറിച്ച് ദിശാബോധം നൽകിയത് 1932 മിഥുനം 9 മുതൽ കേരള കേസരി പത്രത്തിൽ തിരുമേനിയുടെ പേര് വച്ച് തന്നെ പ്രസിദ്ധപ്പെടുത്തിയ തിരുമേനി സ്വന്തമായി തയ്യാറാക്കിയ ഡ്രാഫ്റ്റ് ആണ്. മലങ്കര സഭ മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ സ്വതന്ത്ര അപ്പോസ്തോലിക സഭയാണെന്നും മലങ്കരയിൽ സ്ഥാപിതമായ കാതോലിക്കേറ്റിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അന്ത്യോഖ്യൻ സഭയുമായി പുലർത്തേണ്ടുന്ന ബന്ധവും. എന്നാൽ ആ ബന്ധം സഭയുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതിരിക്കേണ്ടതിനുള്ള ജാഗ്രതയുമെല്ലാം ഭരണഘടനയിലെ ചില വകുപ്പുകളിലൂടെ തിരുമേനി ഉറപ്പിച്ചു.

ബാഹ്യകേരളത്തിലെ ഇടവകകളെക്കുറിച്ചുള്ള ഭരണഘടനയിലെ തിരുമേനിയുടെ പരമാർശം കാലങ്ങൾക്കു മുമ്പേ സഞ്ചരിച്ച ഒരു ദിവ്യപുരുഷന്റെ ദൈഷണികതയാണ് പ്രകടമാക്കുന്നത്.

അതിലെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ സ്വീകരിച്ചില്ല എന്നു കരുതി ആ ഡ്രാഫ്റ്റിന്റെ പ്രസക്തി നഷ്ടമാകുന്നില്ല. ഡ്രാഫ്റ്റിലെ 4-ാം വകുപ്പ് ഇപ്രകാരമാണ്.

"......നമ്മുടെ സഭയ്ക്കുള്ള സ്വാതന്ത്ര്യത്തെ നഷ്ടപ്പെടാത്ത വിധത്തിൽ മേൽപ്പറഞ്ഞ സഭകളുമായിട്ടുള്ള (ഈഗുപ്തായ, അർമ്മിനിയൻ, അന്ത്യോഖ്യൻ) കമ്മ്യൂണിയൻ ബന്ധം കഴിവുള്ള പക്ഷം മേലാലും തുടരേണ്ടതാണ്". [5]

ഈ വ്യവസ്ഥ 1934-ലെ ഭരണഘടനയിൽ ഉൾപ്പെടുത്തുവാൻ കമ്മറ്റിക്കാർക്ക് സാധിച്ചില്ല. സാധിച്ചിരുന്നെങ്കിൽ മലങ്കര സഭയുമായി കമ്മ്യൂണിയനുള്ള വിദേശ സഭകളിൽ ഒന്നു മാത്രമാണ് അന്ത്യോഖ്യൻ സഭ എന്നു പറയുവാൻ ഈ വകുപ്പുകൊണ്ട് കഴിയുമായിരുന്നു.

സഭയുടെ ഹയരാർക്കിയെപ്പറ്റി ആലോചന നടക്കുമ്പോൾ, സഭ സ്വീകരിക്കേണ്ടുന്ന ഇടവക-മെത്രാസന സഭാ തലങ്ങൾ എന്തെല്ലാമായിരിക്കണമെന്നുള്ള നിർദ്ദേശങ്ങൾ തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെ മകുടോദാഹരണമാണ്. തിരുമേനി പറഞ്ഞു.

"നമ്മുടെ പൗരസ്ത്യ സിംഹാസനത്തിന്റെ അധികാരസീമ ഇന്ത്യയും അതിന് സമീപമുള്ള ദ്വീപുകളും നമ്മുടെ മിഷൻവേലയുടെ ഫലമായി അന്യദേശങ്ങളിൽ സഭകളുണ്ടായാൽ അവകളും ആയിരിക്കണം. ഈ നമ്മുടെ അധികാരസീമയ്ക്കുള്ളിൽ പാത്രിയർക്കാ സിംഹാസനത്തിന് നേരിട്ട് ഭരിപ്പാൻ തക്കവണ്ണം പള്ളികളോ സഭകളോ സ്ഥാപിക്കുകയോ ഈ സംഭാഗങ്ങളെ അവയിലേക്ക് ചേർക്കുകയോ ചെയ്യുന്നതിന് അനുവദിച്ച് കൂടാത്തതും അതിനെതിരായി പാത്രിയർക്കിസ് പ്രവർത്തിക്കുന്നപക്ഷം പാത്രിയർക്കാ സിംഹാസനവുമായി ഉള്ള ലൗകിക സംബന്ധം കൂടിയും പിരിയാൻ തക്കവണ്ണം ആയിരിക്കണം". [6]

അന്ത്യോപ്യയുമായി പിരിയേണ്ടിവന്നാൽ പിരിയുവാനുള്ള സന്നദ്ധത ഭരണഘടനാ സമിതിയുടെ കാലത്തുതന്നെ 'ഘടന'യുടെ ഭാഗമായി നിർദ്ദേശിക്കുവാൻ അദ്ദേഹത്തിന് ധൈര്യവും ഉൾക്കാഴ്ചയുമുണ്ടായി.

എപ്പിസ്ക്കോപ്പൽ സുന്നഹദോസിനുണ്ടാകേണ്ടുന്ന അധികാരത്തെ സംബന്ധിച്ച് വിശ്വാസികളും എപ്പിസ്കോപ്പസിയും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും 'Faith, Order and Discipline' എന്നിവയുടെ പരമാധികാരി സുന്നഹദോസ് ആയിരിക്കണമെന്ന് തീരുമാനിച്ചു. എന്നാൽ സാമ്പത്തികവും ഭൗതികവുമായ കാര്യങ്ങളുടെമേലുള്ള അധികാരം മാനേജിംഗ് കമ്മറ്റിക്കായിരിക്കുമെന്നും തിരുമേനികൂടി ഉൾപ്പെട്ട കമ്മറ്റിയിലെ ചർച്ചകൊൾക്കൊടുവിൽ തീരുമാനമുണ്ടായി. ഈ വകുപ്പുകൾ എല്ലാംതന്നെ തിരുമേനിയുടെ ആസൂത്രണവൈഭവത്തിന്റെ പ്രകടമായ ഭാവങ്ങളാണ്.

1934-ൽ പാസ്സാക്കിയ മലങ്കരസഭാ ഭരണഘടനയുടെ അന്തസത്ത 15 വർഷത്തെ നിരവധി ചർച്ചകളിലൂടെയും വാദപ്രതിവാദങ്ങളിലൂടെയും (1920-1934) രൂപപ്പെട്ട സുശക്തമായ അടിസ്ഥാന രേഖയാണ്. അതുകൊണ്ടാണ് സുപ്രീം കോടതി 1958, 1995, 2017 വർഷങ്ങളിൽ പുറപ്പെടുവിച്ച വിധിന്യായങ്ങളിൽ 1934-ലെ ഭരണഘടന ആർക്കും ചോദ്യം ചെയ്യുവാൻ സാധിക്കുകയില്ല എന്ന് ആവർത്തിച്ച് പ്രഖ്യാപിച്ചത്.

1. യാക്കോബ് മാർ ഐറേനിയോസ്, *പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ ഡയറിക്കുറിപ്പുകൾ പാഠവും പാഠനവും* (കോട്ടയം: മാർ ഡയനിഷ്യസ് ഫൗണ്ടേഷൻ, 2009) പുറം 5.
2. കെ. കെ. വറുഗീസ്, *മലങ്കരസഭാ ഭാസുരൻ*, വാല്യം 2 (കോട്ടയം: എം.ഒ.സി., 1992) പുറം 4.
3. സാമുവേൽ ചന്ദനപ്പള്ളി, *വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത* (കോട്ടയം: എം.ഒ.സി., 2021) പുറം 107
4. ഡെറിൻ രാജു, *മലങ്കര സഭാ ഭരണഘടന : ചരിത്രം രേഖകൾ ഭേദഗതികൾ* (കോട്ടയം : സോഫിയ ബുക്സ്, 2019) റ്റ 2233.
5. കെ.വി. മാമ്മൻ, *വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ കോട്ട* (മാങ്ങാനം: കോട്ടയ്ക്കൽ പബ്ലീഷേഴ്സ്, 2002) പുറം 158.
6. കെ. വി. മാമ്മൻ, പുറം 158.


(തുടരും)

സമകാലികം

നികുതിപ്പണം കൊണ്ട് ജീവിക്കുന്നവർ നില മറന്ന് പ്രവർത്തിക്കരുത്

ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത

സുപ്രീംകോടതി വിധി രാജ്യത്ത് നിയമം ആയിരിക്കെ അതിന് മുകളിൽ ഒരു നിയമം എന്നത് ഇന്ത്യയുടെ നീതി ന്യായ വ്യവസ്ഥ യോടുള്ള വെല്ലുവിളിയാണ്. ഉന്നത സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ ഇത്തരം വിഷയങ്ങളിൽ പക്ഷം പിടിച്ച് പൊതുസമൂഹത്തിൽ കലഹം ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ ഉത്തരവാദപെട്ടവർ നടപടിയെടുക്കണം എന്ന് ആവശ്യപെടുന്നതിനും മടിക്കുന്നില്ല.


മലങ്കര ഓർത്തഡോക്സ്
സുറിയാനിസഭാ
ഭരണഘടന.

ഒന്നാം പതിപ്പ്
കോപ്പി 1000.

Printed at
The Malayala Manorama Press
Kottayam.

1110.

മലങ്കര നസ്രാണി മഹാ സംഗമം മലങ്കര സഭാചരിത്രത്തിൽ ഇടംപിടിച്ച ദിനം അതിൽ അസഹിഷ്ണ പൂണ്ട ചിലരുടെ നിലവിളി കേൾക്കുവാൻ ഇട യായി. സത്യവിരുദ്ധ പ്രസ്താവന നടത്തി പൊതുസമൂഹത്തിന്റെ ശ്രദ്ധ തിരിക്കുന്നതിനുള്ള വിഫല ശ്രമമാണ് നടക്കുന്നത് .

1934 ഭരണഘടനയുടെ ഒറിജിനൽ ഓർത്തഡോക്സ് സഭയുടെ കയ്യിൽ ഇല്ല. ചർച്ച് ബില്ല് മാത്രമേ സഭാ തർക്കത്തിന് പരിഹാരം ഉള്ളൂ എന്നതായിരുന്നു ആ നിലവിളി ശബ്ദത്തിൽ ഉയർന്ന് കേട്ടത്. സർവ്വീസിൽ നിന്ന് വിരമിച്ചിട്ടും ചാഞ്ഞും ചരിഞ്ഞും ഉള്ള പ്രവർത്ത മികവ് കൊണ്ട് പാവപ്പെട്ടവന്റെ വിയപ്പിന്റെ അംശം നെറ്റിയിൽ അല്പം പോലും വിയർപ്പ് പൊടിക്കാതെ ഭക്ഷിക്കുന്നവർക്ക് ശരിക്കും ഉള്ള വിയർപ്പിന്റെ വില അറിയണം എന്നില്ല.

സത്യവിരുദ്ധ പ്രസ്താവന പറയാൻ ഇൻഡ്യയിൽ IAS റാങ്ക് വേണം എന്നില്ല. ആർക്കും എന്തും പറയാം. അതിന് ഐഎസുകാരൻ എന്നോ സാധാ രണക്കാരൻ എന്ന വ്യത്യാസമില്ല. പക്ഷെ പറയുന്ന വിഡ്ഢിത്തം എത്ര ഉന്ന തൻ ആയാലും മറ്റുള്ളവർ വിശ്വസിച്ചുകൊള്ളണം എന്ന് ശഠിക്കരുതെന്ന് മാത്രം.

ഓർത്തഡോക്സ് സഭ 1934-ലെ ഭരണഘടനയുടെ പകർപ്പ് കാണിച്ചിട്ടില്ല എന്ന ഇണ്ടാസ് കാണിച്ച് മാന്യ ദേഹം വിരട്ടാൻ നോക്കിയിട്ട് കാലം കുറച്ച് ആയി. അദ്ദേഹത്തോട് വിനീതമായി ഒരു അഭ്യർത്ഥന ഉള്ളത് അങ്ങ് ഈ സത്യ വിരുദ്ധ പ്രസ്താവന നടത്തുന്നതിന് മുമ്പ് അങ്ങക്ക് ചുറ്റുമുള്ള പിതാക്കന്മാരോടു ഒന്ന് ചോദിക്കണം. കാരണം താങ്കൾ പിന്താങ്ങുന്ന, വേദി പങ്കിടുന്ന വിഭാഗ ത്തിലെ തലവൻ ഉൾപ്പടെ ഉള്ള സീനിയർ മെത്രാപ്പോലീത്താമാർ 1934-ലെ സഭാഭരണഘടന അംഗീകരിച്ച് കോടതിയിൽ ഒപ്പിട്ടു കൊടുത്ത് വിധയത്വം പ്രഖ്യാപിച്ചവർ ആണ്. വിവരാവകാശം വഴി അതിന്റെയും ഒറിജിനൽ താങ്കൾ ഒന്ന് കാണുന്നത് നല്ലതായിരിക്കും.

കീഴ്കോടതികളും, പിന്നീട് ഇൻഡ്യയുടെ പരമോന്നത നീതിപീഠവും 1958 മുതലുള്ള മലങ്കരസഭയെ സംബന്ധിച്ച വിധികളിലെല്ലാം വിശദമായി പഠിച്ച് അരക്കിട്ടുറപ്പിച്ച ഭരണഘടനയാണ് 1934-ലെ ഭരണഘടന. അതിന് വിധേയപ്പെട്ട് തന്നെയാണ് 1958-ലെ സഭ യോജിപ്പുണ്ടായതും പന്ത്രണ്ട് വർഷം അത് തുടർ ന്നതും. പിന്നെയും ഇടങ്കോലിട്ട് സഭയെ പിളർത്തിയതും സമാധാനം ഇല്ലാതാ ക്കിയതും ആരാണെന്നും എന്തിന് വേണ്ടിയാണെന്നും മറ്റുമുള്ള ചരിത്രം എല്ലാ വർക്കും അറിവുള്ളതാണ്. അന്ത്യോഖ്യായുടെ പ. പിതാക്കന്മാർ ഈ ഭരണഘ നയുടെ അന്തസത്ത മനസിലാക്കി പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലിത്തായുമായ മലങ്കര ഓർത്തഡോക്സ് സഭാ തലവനെ അംഗീകരി ക്കുകയും ചെയ്തിട്ടുള്ളതാണ്. അന്ന് ഒന്നും ഇല്ലത്ത ന്യൂനത എങ്ങനെ ആണ് ഇപ്പോൾ ഉണ്ടായത്.

പൗരസ്ത്യ കാതോലിക്ക-മലങ്കര മെത്രാപ്പോലീത്താ ആയ സഭാ തലവനെ അധികാര ഹുങ്കിന്റെയും, പക്ഷപാത നിലപാടിനെയും വെളിച്ചത്തിൽ അധികാ രത്തിന്റെ പിൻബലമുയോഗിച്ച് സ്വന്തം ഓഫീസിൽ വിളിച്ച് വരുത്തി അപമാനിച്ച് വിടാം എന്ന വ്യാമോഹം നടക്കാതെ പോയതിന്റെ ഇച്ഛാഭംഗം ഇപ്പോഴും തീർ ന്നിട്ടില്ല എന്നതാണ് ആ നിരുത്തരവാദപരമായ പ്രസ്താവനയിൽ നിന്ന് പൊതു സമൂഹം മനസിലാക്കുന്നത്.

കീഴ്കോടതിമുതൽ ബഹു. സുപ്രീം കോടതിവരെ ഇഴകീറി പരിശോധിച്ച് ഇന്ത്യയുടെ ഭരണഘടന നിലവിൽ വരും മുമ്പേ തയ്യാറാക്കിയ സഭാ ഭരണഘ ടനാ എന്ന നിലയിൽ സഭയുടെ ദീർഘ വീക്ഷണത്തെയും, കെട്ടുറപ്പിനെയും മൂകതകണ്ഠം പ്രശംസിക്കുകയും യാതൊരു ന്യൂനതയും ഇല്ല എന്നും, ഇത് പ്രകാരം മാത്രമേ സഭയുടെ ദേവാലയങ്ങൾ ഭരിക്കപ്പെടാവു എന്ന് വിധി പറയുകയും ചെയ്ത ഭരണഘടനാ ഇന്ത്യയുടെ പരമോന്നത നീതിപീഠത്തെ അവഹേളിക്കുവാനും , ഭരണഘടനാ മൂല്യം ഉയർത്തിപിടിക്കേണ്ട ഉദ്യോഗസ്ഥർ അത് പരസ്യമായി അപഹസിക്കുകയും ചെയ്യുന്നത് ഭാരത സഭാ എന്ന നിലയിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്കു കൂട്ടുനിൽക്കുവാൻ കഴിയുന്നതല്ല.

സഭാ വിഷയം പറഞ്ഞു തീർക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അത് ഞങ്ങൾക്ക് ആവശ്യമില്ല. കോടതി വഴിയുള്ള തീർപ്പ് മതി എന്ന് പറഞ്ഞവർ കോടതികൾ മലങ്കര സഭയുടെ നിലപാടും, ഭരണ ഘടനയും സാധുവാണ് എന്നും അപ്ര കാരം തെരഞ്ഞെടുക്കപെട്ട മലങ്കര മെത്രാപ്പോലീത്താ യായും കാതോലിക്കയും മാത്രമേ മലങ്കര സഭയുടെ പള്ളികളികളിൽ അധികാരം നടത്തുവാൻ പാടുള്ളു എന്നും പ്രഖ്യാപിച്ചപ്പോൾ അതിനെ തള്ളി ഞങ്ങൾക്ക് കോടതി വേണ്ട, മധ്യസ്ഥത മതി നിലപാടില്ലാതെ മലക്കം മറിഞ്ഞു പറയുമ്പോൾ മലങ്കര ഓർ ത്തഡോക്സ് സഭക്ക് ഒരു നിലപാടെ ഒള്ളു എന്നും അത് കോടതി മുമ്പാകെ ബോധിപ്പിച്ച് ആ വിധിപ്രകാരം പരിഹാരം കാണണം എന്നും അന്നും ഇന്നും പറയുന്നു. അതിൽ വെള്ളം ചേർക്കാൻ സാമൂഹിക പ്രതിബദ്ധത ഉള്ള മലങ്കര സഭയ്ക്ക് ആവില്ല .

പഞ്ചായത്ത് മുതൽ സർക്കാരിന്റെ എല്ലാ ഭരണകാര്യങ്ങളും ദിനംപ്രതി ഇന്ത്യൻ ഭരണഘടനയുടെ ഒറിജിനൽ നോക്കിയാണോ ഈ ബഹുമാന്യ വ്യക്തി നടപ്പാക്കുന്നത്?

ചർച്ച്ബില്ലിന്റെ നിലയും ഇനിയും അതിനുള്ള വിലയും ഭരണഘടന സ്ഥാനി യായ കേരള ഗവർണ്ണർ നടത്തിയ പ്രസ്താവനയിൽ കൂടി മനസിലാക്കിയാൽ കൂടുതൽ വിവരണം ആവശ്യമില്ല. സുപ്രീംകോടതി വിധി രാജ്യത്ത് നിയമം ആയിരിക്കെ അതിന് മുകളിൽ ഒരു നിയമം എന്നത് ഇന്ത്യയുടെ നീതി ന്യായ വ്യവസ്ഥയോട് ഉള്ള വെല്ലുവിളിയാണ് . ഉന്നത സിവിൽ സർവ്വീസ് ഉദ്യോഗ സ്ഥർ ഇത്തരം വിഷയങ്ങളിൽ പക്ഷം പിടിച്ച് പൊതുസമൂഹത്തിൽ കലഹം ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ ഉത്തരവാദപെട്ടവർ നടപടിയെടുക്കണം എന്ന് ആവശ്യപെടുന്നതിനും മടിക്കുന്നില്ല. ഇത്തരം ഉന്നത സ്ഥാനികളുടെ നിരുത്ത രവാദപരമായ പ്രസ്താവനയോടുള്ള ശക്തമായ പ്രതിഷേധം അറിയിക്കുന്നു.

ലേഖനം

ഇത്തവണ വചനിപ്പ് പെരുന്നാൾ ഹാശാ ആഴ്ചയിൽ

ഡെറിൻ രാജു

മാർച്ച് 25 പാശ്ചാത്യ സുറിയാനി ആരാധനാപാരമ്പര്യത്തിൽ വളരെയേറ പ്രാധാന്യമുള്ള ഒരു ദിവസമാണ്. വചനിപ്പ് പെരുന്നാൾ എന്ന് അറിയപ്പെടുന്ന ഈ ദിവസമാണ് ഗബ്രിയേൽ ദൂതൻ കന്യാമറിയത്തോട് യേശുവിന്റെ ജനന വാർത്ത (മംഗള വാർത്ത) അറിയിച്ചതെന്നാണ് വിശ്വാസം. മിക്ക വർഷങ്ങളിലും ഈ ദിവസം വലിയനോമ്പിലാണ് വരിക. വലിയ നോമ്പിൽ ശനി, ഞായർ ദിവസങ്ങളിലും, പാതിനോമ്പ് ബുധനാഴ്ചയും നാല്പതാം വെള്ളിയാഴ്ചയും മാത്രമാണ് കുർബാന അർപ്പിക്കുവാൻ സാധിക്കുക. വലിയ ആഴ്ച (ഹാശാ ആഴ്ച) യിൽ പെസഹ വ്യാഴാഴ്ചയും ദുഃഖ (അറിയിപ്പിന്റെ) ശനിയാഴ്ചയും (ദുഃഖവെള്ളിയുടെ പിറ്റേ ദിവസം) മാത്രമാണ് കുർബാന അർപ്പിക്കുവാൻ അനുവാദമുള്ളത്. എന്നാൽ ഏത് ദിവസം വചനിപ്പ് വന്നാലും (ദുഃഖവെള്ളിയാണെങ്കിൽ പോലും) അന്ന് പെരുന്നാൾ രീതിയിൽ കുർബാന ചൊല്ലണമെന്ന് നിർബന്ധമാണ്.



ഇത്തവണ ഹാശായുടെ തിങ്കളാഴ്ചയാണ് വചനിപ്പ് പെരുന്നാൾ. 2027-ൽ പെസഹായുടെ അന്നായിരിക്കും വചനിപ്പ് പെരുന്നാൾ.

അവസാനമായി 2016 ലാണ് വചനിപ്പും ദുഃഖവെള്ളിയും ഒരുമിച്ച് വന്നത്. ഇനി ഈ നൂറ്റാണ്ടിലും അടുത്ത നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലും വചനിപ്പും ദു:ഖവെള്ളിയും ഒരുമിച്ച് വരില്ല. ഇനി 2157-ലാണ് വചനിപ്പും ദുഃഖവെള്ളിയും ഒരുമിച്ച് വരുന്നത്. 2168-ലും ഇതാവർത്തിക്കും.

ഈ നൂറ്റാണ്ടിൽ ഇനി 2029 ലും 2040 ലും ഓശാനയും വചനിപ്പും ഒരുമിച്ച് വരും. 2035-ലും 2046- ലും ഈസ്റ്ററും വചനിപ്പും ഒരുമിച്ച് വരും.

2024, 2027, 2032, 2043, 2054, 2059, 2062, 2070, 2073, 2081, 2084, 2086, 2092, 2097, 2100 വർഷങ്ങളിൽ വചനിപ്പ് കഷ്ടാനുഭവ ആഴ്ചയിൽ വരും.

ഇതിൽ 2027 കൂടാതെ 2032, 2100 വർഷങ്ങളിൽ പെസഹായ്ക്കും 2062, 2073, 2084 വർഷങ്ങളിൽ ദുഃഖശനിയാഴ്ചയും വചനിപ്പ് വരും.

ബൈസാന്റിയൻ ആരാധനാപാരമ്പര്യത്തിൽ ഈസ്റ്ററും വചനിപ്പും ഒരുമിച്ച് വരുന്നതിന് സവിശേഷ പ്രാധാന്യമുണ്ട്. അവർ അതിനെ Kyriopascha എന്ന് വിശേഷിപ്പിക്കുന്നു.



◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും. ◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ. **- പ. പരുമല തിരുമേനി**



ആലപ്പുഴ ജില്ലയിൽ നിന്നും കേരള ഹയർ സെക്കണ്ടറി വകുപ്പ് കരിയർ ഗൈഡൻസ് & കൗൺസിലിംഗ് സെല്ലിന്റെ മികച്ച കരിയർ ഗൈഡ് അവാർഡ് വർഗ്ഗീസ് പോത്തന് ലഭിച്ചു. പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗവും മറ്റം സൈന്റ് ജോൺസ് ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകനുമാണ്.

പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും Politics and International Studies-ൽ പി.എച്ച്.ഡി. ബിരുദം കരസ്ഥമാക്കിയ അനിതാ എലിസബേത്ത് മാത്യു. കുറ്റൂർ സെന്റ് ഗ്രീഗോറിയോസ് ബഥാന്യ ഓർത്തഡോക്സ് ഇടവക വികാരി ഫാ. ഡോ. റെന്നി തോമസിന്റെ സഹധർമ്മിണിയാണ്. സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളജിൽ അസിസ്റ്റന്റ് പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിലെ മെഴുവേലി ഹോളി ഇന്നസെന്റ്സ് വലിയപള്ളി ഇടവകാംഗം.



വചനതീർത്ഥം

കനാൻകാരി സ്ത്രീയുടെ വിശ്വാസം

(വി. മത്തായി 15:21–28)

ഫാ. ജെറിൻ ജോൺ അടൂർ



വിശുദ്ധ മത്തായിയും മർക്കോസും രേഖപ്പെടുത്തുന്ന ഒരു വിശ്വാസസാക്ഷ്യമാണ് കനാൻകാരിയുടെ ശക്തമായ വിശ്വാസവും അതിലൂടെ അവൾ നേടുന്ന വലിയ അനുഗ്രഹങ്ങളും. വിശുദ്ധ മത്തായിയുടെ സുവിശേഷം പതിനഞ്ചാം അദ്ധ്യായം ഇരുപത്തിയൊന്ന് മുതൽ ഇരുപത്തിയെട്ട് വരെയുള്ള വാക്യങ്ങളിൽ കാണുന്ന ഈ സുവിശേഷഭാഗം കുറച്ചു വ്യത്യസ്തമായാണ് മർക്കോസിന്റെ സുവിശേഷം ഏഴാം അധ്യായത്തിന്റെ ഇരുപത്തിനാലു മുതൽ മുപ്പത് വരെയുള്ള തിരുവചനങ്ങളിൽ നാം കാണുക. മത്തായി കാനാൻകാരി എന്ന് വിളിക്കുന്ന ഈ സ്ത്രീ ഒരു സീറോ ഫിനിഷ്യൻ സ്ത്രീയാണെന്ന് മർക്കോസ് എഴുതുന്നു. മത്തായിയുടെ സുവിശേഷത്തിലെ യേശു, കാനാൻകാരിയായ ഈ സ്ത്രീയുടെ അപേക്ഷ കേട്ടെങ്കിലും മറുപടി കൊടുക്കാതിരിക്കുകയും ശിഷ്യന്മാരുടെ ഇടപെടലിന് ശേഷവും അവൾക്ക് അനുഗ്രഹം നൽകാതിരിക്കുകയും ചെയ്യുന്നുണ്ട്.

ഈ സംഭവം നമ്മൾ ജ്വലിപ്പിക്കേണ്ടതായ ചില ചിന്തകൾ കുറിക്കുന്നു.

സൃഷ്ടിയുടെ അഭ്യർത്ഥനയെ മാനിക്കുന്ന സൃഷ്ടാവിന്റെ സ്നേഹരൂപം

തിരുവെഴുത്തുകൾ രേഖപ്പെടുത്തി കെട്ടിയ ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ യേശു യഹൂദന്മാരുടെ പ്രദേശങ്ങൾ വിട്ട് പരസ്യ ശുശ്രൂഷയ്ക്ക് പ്രജാതി പ്രദേശങ്ങളിലേക്ക് പ്രവേശിച്ച ഏക സന്ദർഭം ഇത് മാത്രമാണ്. ഇവിടെ സുറോഫോയ്നിക്യാ ജാതിയിലുള്ള ഒരു കനാന്യ സ്ത്രീ വന്ന് ഭൂതബാധിതയായ അവരുടെ മകളെ സൗഖ്യമാക്കണമെന്ന് യേശുവിനോട് അഭ്യർത്ഥിക്കുന്നു.

ഇവൾ ഒരു യഹൂദ സ്ത്രീയല്ല പുറജാതിക്കാരി ആണെന്ന് മനസ്സിലാക്കേണ്ടത് ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ്. ഇസ്രായേലിന്റെ അനുസരണക്കേട് മൂലം യോശുവയുടെ നേതൃത്വത്തിൽ നടന്ന യുദ്ധത്തിൽ കനാനിൽ പാർത്തിരുന്ന ചിലർ രക്ഷപ്പെടുകയുണ്ടായി. അങ്ങനെ രക്ഷപ്പെട്ടവരുടെ പിന്തുടർച്ചക്കാരിൽ ഒരുവിലാണ് ഈ സ്ത്രീ. ഒരു പുരോജാതിക്കാരി എന്ന നിലയിൽ ദൈവം ഭൂമിയിൽ തിരഞ്ഞെടുത്ത തന്റെ ജനത്തിന്റെ പ്രത്യേകമായ ആനുകൂല്യങ്ങളും പദവികളും അവകാശപ്പെടുവാൻ ഇവർക്ക് അർഹതയില്ലായിരുന്നു. അവൾ അന്യയും പ്രതീക്ഷയറ്റവുമായിരുന്നു. സ്ഥാനീയമായി ദൈവത്തിലോ മഖായിലോ യാതൊരു അവകാശവും അവർക്ക് അർഹതപ്പെട്ടിരുന്നില്ല.

കർത്താവിനോട് സംസാരിക്കുമ്പോൾ സാധാരണയായി യഹൂദന്മാർ മിശിഹായെ സംബോധന ചെയ്യുവാൻ ഉപയോഗിക്കുന്ന പദപ്രയോഗങ്ങളായ “കർത്താവേ, ദാവീദ് പുത്രാ” എന്ന പദങ്ങളാണ് ഇവൾ ഉപയോഗിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ആ പ്രജാതിക്കാരി ഒരിക്കലും അവന്റെ അടുക്കൽ എത്തുവാൻ അവകാശമില്ല എന്ന് ഓർക്കുക. അതുകൊണ്ടായിരിക്കാം ആദ്യം കർത്താവ് അവൾക്ക് മറുപടി നൽകാതെ ഇരുന്നത്.

അവരെ പിന്തുടരുന്ന അവളെ പറഞ്ഞയക്കുവാൻ ശിഷ്യന്മാർ യേശുവിനെ നിർബന്ധിച്ചു. ശിഷ്യന്മാർക്ക് ഒരുപക്ഷേ അവൾ ഒരു ശല്യക്കാരി ആയിരുന്നിരിക്കാം. എന്നാൽ കർത്താവിനു അവൾ വിശ്വാസത്തിന്റെ ഉദാത്തമായ ഉദാഹരണം എന്ന നിലയിൽ സ്വീകാര്യയെയും തന്റെ കൃപ വിളങ്ങുവാൻ ഉതകുന്ന യോഗ്യമായ പാത്രവും ആയിരുന്നു. എങ്കിലും ആദ്യം അവളുടെ വിശ്വാസം തെളിയിക്കപ്പെടുകയും വേണം.

തന്റെ ദൗത്യം ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളിൽ പരിമിതപ്പെടുത്തുന്നു എന്ന് യേശു അവളെ ഓർമിപ്പിച്ചു. അതിൽ ജാതികളോ വിശിഷ്യാ കനാന്യരോ ഉൾപ്പെട്ടിരുന്നില്ല. തന്റെ അപേക്ഷ നിരസിക്കപ്പെട്ടതിൽ അവൾ അശേഷം നിരാശ പ്രകടിപ്പിക്കുന്നില്ല. ദാവീദ് പുത്ര എന്ന നാമം വീണ്ടും ഉപയോഗിക്കാതെ കർത്താവേ എന്നെ സഹായിക്കേണമേ എന്ന് അപേക്ഷിച്ചുകൊണ്ട് അവൾ യേശുവിനെ നമസ്കരിച്ചു. യഹൂദ ജാതിയിൽപ്പെട്ട ഒരു നിലയിൽ മിശിഹായെ സമീപിക്കുവാൻ അവൾക്ക് അർഹതയില്ല എങ്കിൽ ഒരു സൃഷ്ടി എന്ന നിലയിൽ സൃഷ്ടാവിന് മുൻപിൽ സഹായം അഭ്യർത്ഥിച്ചുകൊണ്ട് നിൽക്കുന്നു.

ദൈവസാന്നിദ്ധ്യം പുറജാതികളിലേക്ക്

ഇരു സുവിശേഷങ്ങളും ഈ ഒരു സംഭവം സോർ സീദോൻ പ്രദേശത്താണ് നടന്നത് എന്ന് വ്യക്തമാക്കുന്നുണ്ട്. യഹൂദരുടെ ഇടയിൽ, യറുശലേമിലും യൂദയായിലുമൊക്കെ സഞ്ചരിച്ച് സുവിശേഷം അറിയിക്കുകയും രക്ഷയുടെ അനുഭവം വെളിപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തു, ഇസ്രായേൽ ജനത്തിന്റെ നാട്ടിൽ എത്തി തന്നോട് അപേക്ഷിക്കുന്ന വിജാതീയരായ ആളുകൾക്ക് അനുഗ്രഹങ്ങൾ നൽകുന്നത് നാം കാണുന്നുണ്ട്. എന്നാൽ ഇവിടെ യഹൂദരുടെ നഗരത്തിൽനിന്ന് വിജാതീയരുടെ ടയിർ ദേശത്തേക്ക് രക്ഷകൻ കടന്നു ചെല്ലുന്നു. തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ രക്ഷയ്ക്കായി കടന്നുവന്ന ദൈവം എന്നതിൽനിന്ന്, തന്റെ ആട്ടിൻപറ്റത്തിന് പുറത്തേയ്ക്കും രക്ഷയുടെ സാദ്ധ്യതകൾ തുറന്നിടുന്ന, വിജാതീയരെ അവരുടെ മണ്ണിൽ ചെന്ന് കണ്ട് അവർക്ക് അനുഗ്രഹങ്ങളും, അതുവഴി രക്ഷയുടെ മാർഗ്ഗത്തിലേക്ക് പ്രവേശിക്കാനുള്ള സാധ്യതയും തുറന്നിടുന്ന ഒരു ദൈവത്തെയാണ് ഈ സുവിശേഷഭാഗം നമുക്ക് കാണിച്ചുതരുന്നത്. ഈ ഒരു സംഭവത്തിന് ശേഷം തിരികെ ഗലീലിക്കടലിന്റെ തീരത്തേക്ക് പോകുന്ന യേശുവിനെയും നമുക്ക് സുവിശേഷത്തിൽ കാണാം. വിജാതീയയായ ഒരു സ്ത്രീയുടെ ആവശ്യം തിരിച്ചറിഞ്ഞ്, അവൾക്ക് അനുഗ്രഹം നൽകുക മാത്രമല്ല യേശു ചെയ്യുക, മറിച്ച്, അവൾക്ക് തന്നിലുള്ള വിശ്വാസം പ്രഖ്യാപിക്കാനുള്ള, അതുവഴി യഹൂദർക്കും വിജാതീയർക്കും തന്നിലുണ്ടാകേണ്ട വിശ്വാസം ഓർമ്മിപ്പിക്കാനും അത് പരസ്യമായി പ്രഘോഷിക്കാനുമുള്ള ഒരു വഴികൂടിയായാണ് ഈ സംഭവത്തെ നാം വായിക്കേണ്ടത്.

വിശ്വാസത്തിന്റെ ആഴം കാണിച്ചുതന്ന് അതിൽ പ്രതീക്ഷയർപ്പിച്ചവൾ

അവളുടെ വിശ്വാസത്തിന്റെ ആഴം കൂടുതൽ അളക്കുന്നതിനായി മക്കളെ പോഷിപ്പിക്കുന്നതിൽ നിന്നും പിന്തിരിഞ്ഞ് ജാതീയ നായ്ക്കൾക്ക് ആഹാരം കൊടുക്കുന്നത് ദുരിതമല്ല എന്ന് യേശു പ്രതിവചിച്ചു. ഈ വാക്കുകൾ ക്രൂരമെന്ന് തോന്നുന്ന പക്ഷം ഇത് ശസ്ത്രക്രിയ വിദഗ്ധന്റെ കരങ്ങളിലേക്ക് എത്തിപോലെ ദോഷം ചെയ്യുവാൻ ഉള്ളതല്ല സൗഖ്യം നൽകുവാൻ ഉപയോഗിക്കുന്നതാണ് എന്ന് ഓർക്കണം. അവൾ ഒരു പുര ജാതിക്കാരി ആയിരുന്നു തെരുവിൽ അറിഞ്ഞു നടന്ന മലിന വസ്തുക്കൾ ഭക്ഷിക്കുന്ന നായിക സമമായിട്ടാണ് യഹൂദന്മാർ പരിഗണിച്ചിരുന്നത്. എന്നാൽ യേശു ഇവിടെ ഓമനച്ചു വളർത്തുന്ന നായക്കുട്ടികൾ ആയിട്ടാണ് അവരെ ചിത്രീകരിക്കുന്നത് അവന്റെ കരുണയുടെ കണിക പോലും ലഭിക്കുവാൻ അർഹത എന്ന് അവൾ അംഗീകരിക്കുമോ എന്നതാണ് ഇവിടെ വിഷയം.

എന്നാൽ അത്യുജ്ജ്വലമായ ഒരു മറുപടിയാണ് അവൾ നൽകിയത്. ഒരു പുറചാതി സ്ത്രീയുടെ അയോഗ്യതകൾ സമ്മതിച്ച് അവന്റെ കരുണ സ്നേഹം കൃപ എന്നിവകൾക്കായി അവൾ സ്വയം സമർപ്പിച്ചു. ഫലത്തിൽ അവൾ പറഞ്ഞത് നീ പറഞ്ഞത് ശരിയാണ്, നായ്ക്കുട്ടികളിൽ ഒരാൾ മാത്രമാണ് ഞാൻ എന്ന് അവൾ അംഗീകരിക്കുകയായിരുന്നു. അവളുടെ വലിയ വിശ്വാസത്തെ യേശു പ്രശംസിക്കുന്നു ഇവിടെ ഇതാ നായ്ക്കുട്ടി എന്ന സ്വയം സമ്മതിച്ചു ഒരു നേരത്തെ ആഹാരത്തിനായി ആർത്തിയോടെ അർഥിക്കുന്നു. അവളുടെ

വിശ്വാസത്തിന് ഫലം ലഭിച്ചു.

വിശുദ്ധ പൗലോസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനം നാലാം അധ്യായത്തിൽ ഒരു വിശ്വാസി തന്റെ ജീവിതത്തിൽ സ്വീകരിക്കേണ്ട മനോഭാവത്തെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്: 'ഒന്നിനെക്കുറിച്ചും ആകുലരാകേണ്ട, പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. അപ്പോൾ നമ്മുടെ എല്ലാ ധാരണയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും' (ഫിലിപ്പി 4, 6-7). കാനാൻകാരി സ്ത്രീ ഒരുപാട് ഗുണങ്ങൾ ഉള്ളവളായായിരുന്നു. യേശുവിൽ, യഹൂദജനം തിരിച്ചറിയാനോ അംഗീകരിക്കാനോ മടിച്ച ദൈവത്തെ തിരിച്ചറിഞ്ഞ് പ്രണമിച്ചവൾ, എളിമയോടെ, ക്ഷമയോടെ അവനു മുൻപിൽ നിന്നവൾ, മകളുടെ, മറ്റൊരു വ്യക്തിയുടെ, വേദന സ്വന്തം വേദനയായി കണ്ടവൾ, ഏറ്റവും മനോഹരമായി, സ്ഥിരതയോടെ, എന്നാൽ ലളിതമായ വാക്കുകളോടെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നവൾ, 'കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ!, കർത്താവേ, എന്നെ സഹായിക്കണമേ', അതിലുപരി ദൈവപുത്രൻ പോലും അംഗീകരിക്കാൻ തക്ക വലിയ വിശ്വാസത്തിനുടമ. നമ്മുടെ വിശ്വാസജീവിതത്തിലും കാനാൻകാരി സ്ത്രീ ഒരു മാതൃകയായി മാറേണ്ടതുണ്ട്. നിരാശപ്പെടുത്തുന്ന ജീവിതസാഹചര്യങ്ങളുടെ മുന്നിലും പ്രത്യാശയോടെ ദൈവത്തെ മുറുകെപ്പിടിക്കാൻ, മകളുടെ വേദനകളും ദുരിതങ്ങളും സ്വന്തമായിക്കണ്ട ഈ വിജാതീയയെപ്പോലെ, കാനായിലെ കല്യാണവിരുന്നിൽ ആ വീട്ടുകാരുടെ ആവശ്യം കണ്ടറിഞ്ഞ പരിശുദ്ധ അമ്മയെപ്പോലെ, മറ്റുള്ളവർക്ക് വേണ്ടി മാധ്യസ്ഥ്യം വഹിക്കാൻ നമുക്കും സാധിക്കണം. എളിമയോടെ, എന്നാൽ അതേസമയം, ഉറച്ച വിശ്വാസത്തിന്റെ മനോഭാവത്തോടെ ജീവിക്കാനും, ദൈവത്തിന് മുൻപിൽ ആയിരിക്കാനും നമുക്കാകട്ടെ. നിങ്ങളുടെയും എന്റെയും ആവശ്യങ്ങൾ അറിയുന്ന ദൈവം, സക്രാരിയെന്ന വിശുദ്ധയിടത്തുനിന്നും, വിശുദ്ധ ബലിപീഠത്തിൽനിന്നും നമ്മുടെ ഇടയിലൂടെ കടന്നുവരുന്നുണ്ട്. അവനെ തിരിച്ചറിയാനും, സ്വീകരിക്കാനും, സ്നേഹിക്കാനും വേണ്ട അനുഗ്രഹത്തിനായി നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

❑



സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബാവായെ സന്ദർശിച്ചു.



പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ നവതി ഓർമ്മപെരുന്നാളിൽ സംബന്ധിച്ച റഷ്യൻ പ്രതിനിധി സംഘം കോട്ടയം വൈദിക സെമിനാരിക്ക് ക്രിസ്തുവിന്റെ ഐക്കൺ സമ്മാനിച്ചു. പ. കാതോലിക്കാ ബാവ ഐക്കൺ ഏറ്റുവാങ്ങി സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. റെജി മാത്യുവിന് കൈമാറി.



ഭവനനിർമാണ ധനസഹായം കൈമാറി

കോട്ടയം: സഹജീവികളെ കരുതുന്ന പാതയാണ് ക്രിസ്തീയതയെന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിർധനരായ 101 പേർക്ക് നൽകുന്ന ഭവനനിർമാണ ധനസഹായ വിതരണത്തിന്റെ ഉദ്ഘാടനം നിർവഹിക്കുക യായിരുന്നു അദ്ദേഹം. പ്രയാസം അനുഭവിക്കുന്നവരെ കരുതുക യും സഹായിക്കുകയും ചെയ്യുന്നതാണ് യഥാർഥ ക്രിസ്തീയതയെന്നും കാതോലിക്കാ ബാവാ പറഞ്ഞു.

ഭവനനിർമാണ സഹായസമിതി പ്രസിഡന്റ് ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ് അധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീ സ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, ഭവ നനിർമാണ സഹായ സമിതി കൺവീനർ ജിജു പി. വർഗീസ്, വിവാഹ സഹായസമിതി കൺവീനർ എ. കെ. ജോസഫ്, ഫാ. ജേക്കബ് ഫിലിപ്പ്, ഫാ. ഗീവർഗീസ് മാത്യു, അലക്സ് കുര്യാക്കോസ്, പി. എം. തോമസ്, ജോജി പി. തോമസ്, എൻ. എ. അനിൽമോൻ, കോശി ഉമ്മൻ, ജേക്കബ് കൊച്ചേരി, ഉമ്മൻ ജോൺ, പൈലി വാതിയാട്ട്, പി. യു. ഷാജൻ, ഷാലു ജോൺ, സിബി ജോൺ, സി. കെ. റെജി, ജോൺ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.



എത്യോപ്യൻ തെവാദോ ഓർത്തഡോക്സ് സഭയിലെ H.E. Arch Bishop Abba Melkedek Nurbega Gadha, Rev.Fr. Dr. Abba Kaleisadike M Argaw പരുമല സെമിനാരി സന്ദർശിച്ചു. ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, കെ. വി. പോൾ റമ്പാൻ, ഫാ. എൽദോസ് ഏലിയാസ് എന്നിവർ ചേർന്ന് സ്വീകരിച്ചു.

Church Calendar

The Challenges Successfully Confronted by a Gentile Mother

(Fourth Sunday of Great Lent, Matt 15:21-31)

Fr. Sajoie Samuel



God has blessed mother's with an innate quality that makes them fight all adversities for the benefit of their family. Lata Bhagwan Khare, a 65 year old resident of Maharashtra lived a life of abject penury with her husband and three daughters. The couple would do odd jobs and with a lot of difficulties married off their daughters. Unfortunately, one day the husband was diagnosed with a serious infection which needed him to be taken to a big hospital and expensive tests were to be done. Lata was at a loss how she would make ends meet. Standing outside the hospital her eyes fell on a newspaper article that said "Baramati Marathon and it's prize money". Though initially the organisers refused to allow a saree clad, barefooted old woman to participate, they gave in to her cries. To cut a long story short, she won the prize money and was able to fund her better half's medical exigency.

We meet another mother in Matthew 15:21 -31 who faces all odds in her quest to heal her demon possessed daughter. Even before she speaks a word to Jesus, she is under a deluge of problems that threaten her quest to heal her daughter. Of all the virtues a human being possesses, it is faith that attracts divine attention. Hence, the Canaanite lady and the Roman Centurion hold a special place in the annals of history when faith in God is seen as the catalyst for solving human problems. I would like to highlight four key thoughts that appeal to me about this Canaanite woman.

I. EVEN IN PAGAN CONDITIONS BE SPIRITUALLY ACTIVE

Being a Canaanite woman, this lady addresses Jesus as 'Son of David', an appellation we can expect from a Jew but not a Gentile. Even the disciples could not address Him in that manner early on. She is surely aware that three women from her race are mentioned in the genealogy of Jesus (Tamar, Rahab and Ruth). She kneels down in His presence to show reverence fit for a king. Each word she spoke and her actions bring out her trust in Jesus. We tend to lag in our spiritual life when we are surrounded by people who are not of our faith. In such a scenario this lady shows us how to maintain a spiritual bond with God irrespective of where we are.

Above all, her conviction is noteworthy. Jesus led a very busy life as a public figure. Wherever He went, He was thronged by people. So Jesus moves to Tyre and Sidon with His disciples for some personal time. It is at this time that the Canaanite woman meets Jesus and cries out for help. In vs 26 He tell her that it is not proper to take away the food meant for the disciples and throw it to dogs (referring to her). The woman did not argue with Jesus on being called a dog, but instead agrees that let the children (the Jews) not be interrupted in their meal, but while they eat, even the dogs (Gentiels) eat from the crumbs that fall down on the floor. In other words, let the disciples rest and let Jesus heal her daughter from a distance. When others thought that Jesus had to be physically present to do a miracle, here was a lady who says Jesus can heal from a distance.

This is why Jesus appreciates her faith.



II. EVEN A NEGATIVE RESPONSE FROM GOD IS A SOURCE OF BLESSING FOR US

Several times we pray to God and wait with a lot of expectations for a positive response. But as we know not all times do we get a favorable response. In the case of the Canaanite woman, Jesus was first silent and then responds by saying that it is not proper to give the food meant for children to dogs. The Jews would use the word dog as a derogatory term towards the other race. The dogs they refer to were wild, savage scavengers who would foray for food in thrash cans and bins. But the term used by Jesus is 'kunaria' in Greek, which refers to not the street dog but the little household pets, that are seen more civilised and of better pedigree than stray dogs.

Moreover Jesus' way of speech holds the key here. He might have said something harsh, but the love and compassion in His voice would have made the Canaanite lady to accept it and give her, her share of blessings even if as a dog. If Jesus wanted to be outright harsh with her, He would not have appreciated her faith. Jesus knew she had an indomitable faith and He wanted those following Him to witness such a faith. So even when Jesus gives a negative response to us, it is upto us to accept it, take it in our stride and show how our faith would prevail over it. This is where the Canaanite lady steals the show.

III. NO MATTER WHAT DIFFICULTIES CONFRONT YOU, BE FOCUSED ON YOUR GOAL

It is human to accept defeat when things don't go the way we want them to. The Canaanite woman had a lot of drawbacks even before she meets Jesus. Firstly, her gender did not warrant her to speak outright to men. Secondly, her Gentile descent made her an object of scorn among the Jews. Thirdly, she was the mother of a demon possessed daughter. Over and above that, according to some biblical scholars, she was a widow as there is no reference to her husband and it was unusual for a married woman to speak outright in public. So there is none to assist her in her

challenges.

These were the limitations she had to tackle before meeting Jesus. Post meeting the Savior, her problems only multiplied. When she cries out for help, Jesus turns a deaf ear to her pleas. Further, the disciples speak about her to Jesus in a condescending manner. She reached the zenith of her problems when Jesus makes reference to 'dogs' in His reply to her. So many drawbacks could have broken any individual. But this lady was a different personality all together. God seemed to have wired her in such a manner that no matter what insults were hurled at her, she says something that turned the tide to her favor.


IV. CONSIDER YOURSELF UNWORTHY AND GET THE REWARD OF BEING WORTHY

Every individual worth his/her salt would retaliate when the ego is hurt. But the Canaanite woman teaches us that retaliation is not always the solution to attain ones goal. She does not waste time to fight back when called a dog. Rather, she accepts the insult, swallows it and asks blessings for it. She accepts to be called a dog and asks for the crumbs that are the right of a dog. She does not fight for a share at the meal table as she knows it is the right of the believer. She is content in being the dog whose place is at the feet of the owner.

Just think what would have been the scenario if the Canaanite woman went away when she is snubbed by Jesus? We can gain much more blessings from God if we humble ourselves and pray like the publican in Luke 18. He did not rush into the temple like the Pharisee, but kept his eyes low, and prays for mercy. It is because the thief on the Cross considered himself as nought in God's presence, that he repents for his sins. These biblical characters are examples for us in our quest to attain blessings from God.

To sum up, the conversation that Jesus had with this lady, or the lack of it, can help us to gain insight as to how we are to confront our challenges in life. If we examine her surroundings, everything was against her in her quest. The only thing that was in favor of her and proved to be the catalyst was her faith and it proved to be her trump card. Let us take note of the subtle teachings this lady gives us in our spiritual journey and keep our spiritual life in order. ❑

മത്യാസ് റമ്പാൻ അന്തരിച്ചു



തിരുവല്ല: മലങ്കരസഭയിലെ മുതിർന്ന റമ്പാൻ കോറെപ്പിസ്കോപ്പാ പറമ്പിൽ മത്യാസ് റമ്പാൻ (93) അന്തരിച്ചു. സംസ്കാരം നാളെ 3.30ന് പാലിയേക്കര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ.

കൊല്ലം, കൊൽക്കത്തെ പള്ളികളിൽ സേവനം അനുഷ്ഠിച്ചു. കൊൽക്കത്ത ഭദ്രാസന സെക്രട്ടറി, എജ്യുക്കേഷൻ ഓഫിസർ, കുണ്ടറ എംജിഡി എച്ച്എസ് പ്രധാനാധ്യാപകനായിരുന്നു.

സഹോദരങ്ങൾ: പരേതരായ കെ. സി. ഫിലിപ്പ്, പി. സി. ജോർജ്, ജെ. പി. ചെറിയാൻ, കെ. സി. അലക്സാണ്ടർ, കെ. സി. ഐസക്, കെ. സി. സഖറിയ.



ഫാ. കെ. കെ. തോമസ് അന്തരിച്ചു

മാവേലിക്കര: ഓർത്തഡോക്സ് സഭ മാവേലിക്കര ഭദ്രാസനത്തിലെ സീനിയർ വൈദികനും കണ്ണനാകുഴി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ പത്തിച്ചിറ പീസ് വില്ലയിൽ ഫാ. കെ. കെ. തോമസ് (64) അന്തരിച്ചു. ചെട്ടികുളങ്ങര ഈരേഴ വടക്ക് കൊച്ചു തറയിൽ കുടുംബാംഗമാണ്.

ഭാര്യ: സുനി തോമസ് (അധ്യാപിക, നങ്ങ്യാർകുളങ്ങര ബഥനി സ്കൂൾ). മക്കൾ: ഡീക്കൻ ജോൺ കെ. തോമസ്, ജോർജി കെ. തോമസ്. സംസ്കാരം നടത്തി.



തെലങ്കാന യാചാരം സെന്റ് ഗ്രിഗോറിയോസ് ബാലഗ്രാം ഏർപ്പെടുത്തിയ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മിഷൻ അവാർഡ് (50000 രൂപ) കൊട്ടാരക്കര ആശ്രയ സങ്കേതം പ്രസ്ഥാനങ്ങളുടെ സ്ഥാപകനും ജനറൽ സെക്രട്ടറിയുമായ കലയപുരം ജോസിന് തെലങ്കാനയിൽ നടന്ന ചടങ്ങിൽ ഡോ.യൂഹാനോൻ മാർ തേവോദോറസ് സമ്മാനിക്കുന്നു. ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ആധ്യക്ഷ്യം വഹിച്ചു.



ഗുവാഹത്തിയിൽ നടന്ന ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ദേശീയ അത്‌ലറ്റിക് മീറ്റിൽ ശൂരനാട് സ്വദേശിയും പേരുവഴി മാർ ബസ്സേലിയോസ് ഗ്രീഗോറിയോസ് ഇടവകാംഗവുമായ ജോമോൻ ജോയിക്ക് സ്വർണ മെഡൽ. ഹൈജംപിൽ 2.13 മീറ്റർ വ്യക്തിഗത നേട്ടം സ്വന്തമാക്കിയാണ് കൊല്ലം ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളജിലെ ജോമോൻ ജോയി താരമായത്. ശൂരനാട് തെക്ക് കക്കാകുന്ന് ജോയിക്കുട്ടിയുടെയും കുഞ്ഞുമോളുടെയും ഏക മകനാണ് ജോമോൻ. തിരുവനന്തപുരത്തു നടന്ന കേരള സർവകലാശാലാ മീറ്റിൽ ഒരു മണിക്കൂറിനിടെ ട്രിപ്പിൾ സ്വർണം നേടിയ ജോമോനെ മികച്ച അത്‌ലീറ്റായി തിരഞ്ഞെടുത്തിരുന്നു. ഹൈജംപ്, ലോങ് ജംപ്, റിലേ ഇനങ്ങളിലാണ് ബികോം വിദ്യാർഥിയായ ജോമോൻ സ്വർണം നേടിയത്.

> “ക്രിസ്തുവിന്റെ ക്രൂശിതരൂപം ചേർന്ന കുരിശുകൾ പാശ്ചാത്യ പാരമ്പര്യത്തിന്റെ ഭാഗമായതിനാൽ നമുക്ക് അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതില്ല. ചിത്രങ്ങൾ തെരഞ്ഞെടുക്കുമ്പോഴും പൗരസ്ത്യ പാരമ്പര്യത്തിൽ ഉള്ള ഐക്കണുകൾക്ക് വേണം പ്രാധാന്യം കൊടുക്കേണ്ടത്. തിരുഹൃദയം പ്രകടമാക്കുന്ന തരത്തിലുള്ള ക്രിസ്തുവിന്റെയോ കന്യകമറിയാമിന്റെയോ ചിത്രങ്ങൾ ഒഴിവാക്കുക തന്നെ വേണം, കാരണം ഇവ ഒരു പ്രത്യേക കാലഘട്ടത്തിലെ ലത്തീൻ ഭക്തിമാർഗത്തിന്റെ പ്രകാശനങ്ങളാണ്; സന്തുലന ആത്മീയതയ്ക്ക് അവ സഹായകരമല്ല.”
>
> **– ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**